**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 171** **01-09-2022 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്ഥാപനങ്ങളുടെ ശുചിത്വ ഗ്രേഡിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ പി എസ് സുപാൽ,<br>ശ്രീ. വി. ആർ. സുനിൽകുമാർ,<br>ശ്രീ. പി. ബാലചന്ദ്രൻ** | | **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | മാലിന്യമുക്തമായ കേരളം സൃഷ്ടിക്കുന്നതിന് കൂടുതൽ ഫലപ്രദമായ ഇടപെടലുകൾ നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാലിന്യമുക്ത കേരളം എന്ന ലക്ഷ്യത്തോടുകൂടി സമഗ്രമായ പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. ഹരിതകർമ്മ സേനയുടെയും തദ്ദേശസ്ഥാപന ങ്ങളുടെയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും സ്മാർട്ട് ഗാർബേജ് ആപ്പ്, ജലാശയങ്ങളെ മാലിന്യ മുക്തമാക്കി സംരക്ഷിക്കുന്നതിന് തെളിനീരൊഴുകും നവകേരളം എന്നിവ ഈ പ്രവർത്തനങ്ങളുടെ ഭാഗമാണ്. നവകേരളം കർമ്മ പദ്ധതി – 2 ന്റെ ഭാഗമായി ഹരിത കേരളം മിഷൻ പദ്ധതിയിൽ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾക്ക് അതീവ പ്രാധാന്യം നൽകിയും ജനകീയ പങ്കാളിത്തത്തോടെ ശുചിത്വ മിഷന്റെ മേൽനോട്ടത്തിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ശുചിത്വ മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.<br><br>നവകേരളം കർമ്മ പദ്ധതി 2, സ്വച്ച് ഭാരത് മിഷൻ, AMRUT, KSWMP തുടങ്ങിയ പദ്ധതികൾ യഥാ ക്രമം ഹരിത കേരളം മിഷൻ , ശുചിത്വ മിഷൻ, AMRUT മിഷൻ, KSWMP എന്നിവ വഴി നഗരസഭകളിൽ നടപ്പിലാക്കി വരുന്നു. 15ാ ം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്ലാൻ ഫണ്ട് എന്നിവ വിനിയോഗിച്ചും മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. |
| (ബി) | ശുചിത്വ, മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | 19..07..2022 തീയ്യതിയിലെ സർക്കാർ ഉത്തരവ് നം. സ.ഉ.(സാധാ) നം.1714/2022/LSGD പ്രകാരം ശുചിത്വ, മാലിന്യ സംസ്കരണ രംഗത്തെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിനായുള്ള മാർഗ്ഗ നിർദേശങ്ങൾ |

| | | | |
|---|---|---|---|
| | | | അംഗീകരിച്ചിട്ടുണ്ട്. വിശദമായ മാർഗ്ഗരേഖ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ഖരമാലിന്യ പരിപാലനം ശാസ്ത്രീയമായി നടപ്പിലാക്കുന്നതിന് സർക്കാർ നിർദേശിച്ച പ്രവർത്തന ഘടകങ്ങളെ ഗ്രേഡിംഗിനായി പരിഗണിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | പരിഗണിച്ചിട്ടുണ്ട്. പാഴ് വസ്തുക്കളുടെ ഗാർഹിക സ്ഥാപന തല ശേഖരണത്തിനായി രൂപീകരിച്ച ഹരിത കർമ്മ സേന, ജൈവ മാലിന്യ സംസ്കരണ സംവിധാനം, പാഴ് വസ്തു സംഭരണത്തിനുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ, മേൽ പ്രവർത്തനങ്ങളുടെ കവറേജ്, പൊതു ശുചിമുറികളുടെ വൃത്തി, പൊതുയിടങ്ങളുടെയും ജലാശയ ങ്ങളുടെയും വൃത്തി, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും രൂപപ്പെടുന്ന ആകെ മാലിന്യം, ശേഖരിച്ച് സംസ്കരിക്കുന്ന മാലിന്യത്തിന്റെ അളവ് തുടങ്ങിയ ഘടകങ്ങളെല്ലാം ഗ്രേഡിംഗിനായി പരിഗണിച്ചിട്ടുണ്ട്. |
| (ഡി) | തദ്ദേശ സ്ഥാപനങ്ങളുടെ ശുചിത്വ ഗ്രേഡിംഗ് വഴി ഓരോ പ്രദേശത്തിന്റെയും പോരായ്മയെയും മെച്ചപ്പെടുത്തേണ്ട മേഖലകളെയും തിരിച്ചറിഞ്ഞ് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ഡി) | ഉദ്ദേശിക്കുന്നുണ്ട്.<br><br>പാഴ് വസ്തുക്കളുടെ ഗാർഹിക സ്ഥാപന തല ശേഖരണത്തിനായി രൂപീകരിച്ച ഹരിത കർമ്മ സേന, ജൈവ മാലിന്യ സംസ്കരണ സംവിധാനം, പാഴ് വസ്തു സംഭരണത്തിനുള്ള മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ, മേൽ പ്രവർത്തനങ്ങളുടെ കവറേജ്, പൊതു ശുചിമുറികളുടെ വൃത്തി, പൊതുയിടങ്ങളുടെയും ജലാശയ ങ്ങളുടെയും വൃത്തി, ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും രൂപപ്പെടുന്ന ആകെ മാലിന്യം, ശേഖരിച്ച് സംസ്കരിക്കുന്ന മാലിന്യത്തിന്റെ അളവ് തുടങ്ങിയ ഘടകങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ശുചിത്വ മാലിന്യ പ്രവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നൽകുകയും അപ്രകാരം അവരെ ഗ്രേഡ് ചെയ്യുകയും ചെയ്യുന്നു. വിവിധ ഘടകങ്ങളെ ഉൾപ്പെടുത്തി മാർക്ക് നൽകുന്നതിനാൽ ഓരോ ഗ്രാമപഞ്ചായത്തിന്റെയും പോരായ്മ വ്യക്തമായി മനസ്സിലാക്കുന്നതിനു സാധിക്കുന്നു. അപ്രകാരം വിവിധ മേഖലകളെ തിരിച്ചറിഞ്ഞ് ആയതിനു ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിനു സാധിക്കുന്നതുമാണ്. |
| (ഇ) | പൊതു ശൗചാലയങ്ങളുടെ ശുചിത്വാവസ്ഥ കൂടി ഗ്രേഡിംഗിനായുള്ള വിലയിരുത്തലിൽ പരിശോധിക്കുമോ; വിശദമാക്കാമോ? | (ഇ) | പൊതു ശൗചാലയങ്ങളുടെ ശുചിത്വാവസ്ഥ ഗ്രേഡിംഗിനായി ഉൾപ്പെടുത്തിയിട്ടുണ്ട്. പൊതു ശൗചാലയങ്ങളെ ഏറ്റവും മികച്ചത്, മികച്ചത്, ശരാശരി, ശരാശരിയിൽ താഴെ എന്നിങ്ങനെ സൂചകങ്ങളായി തിരിച്ച് മാർക്കുകൾ നൽകി ഗ്രേഡിംഗിനായി പരിഗണിക്കുന്നുണ്ട്.<br><br>ഗ്രേഡിംഗിന്റെ വിലയിരുത്തൽ ഘടകങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന പ്രധാന ഘടകങ്ങളിൽ ഒന്നാണ് പൊതു ശൗചാലയങ്ങളുടെ ശുചിത്വ |

| | | | |
|---|---|---|---|
| | | | അവസ്ഥ പരിശോധിക്കണമെന്നത്. ഇവയിൽ മികച്ചത് കണ്ടെത്തുന്നതിനു താഴെപ്പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>സദാ ജല ലഭ്യതയുള്ളതും ബക്കറ്റ്, മഗ്ഗ്, സോപ്പ്, EXHAUST FAN, ദുർഗ്ഗന്ധം ഇല്ലാത്തതും ദിവസം 2 പ്രാവശ്യമെങ്കിലും ശുചിയാക്കുന്നവ, ശുചിയാക്കുന്നതിനു ഏതെങ്കിലും ഏജൻസിയെ ഏൽപ്പിച്ചിട്ടുള്ളവ, വെളിച്ചം, സ്ത്രീകൾക്കും. ട്രാൻസ്ജെൻഡറിനും, ശാരീരിക പരിമിതി ഉള്ളവരെയും സഹായിക്കുന്ന തരത്തിൽ സംവിധാനമുള്ളവ, പൊതു ടോയ്ലറ്റ് കോംപ്ലക്സ് ഒരു ആകർഷക ഇടമായി പരിപാലിക്കുന്നവ എന്നിവയെ മികച്ചതായി പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ശുചിത്വ മാലിന്യ സംസ്കരണത്തിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ- അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡബ്ല്യൂ.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1714/2022/LSGD    തീയതി,തിരുവനന്തപുരം, 19-07-2022

---

പരാമർശം:-    04..07..2022 ന ശുചിത്വ മിഷൻ സമർപ്പിച്ച കരട് മാർഗ്ഗ നിർദ്ദേശം.

**<u>ഉത്തരവ്</u>**

ശുചിത്വ മാലിന്യ സംസ്കരണത്തിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിനുള്ള കരട് മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനക്കായി ശുചിത്വ മിഷൻ പരാമർശം പ്രകാരം സമർപ്പിച്ചിരുന്നു.

2. ശുചിത്വ മിഷൻ സമർപ്പിച്ച കരട് മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ വിശദമായി പരിശോധിക്കുകയും മാലിന്യ സംസ്കരണത്തിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യുന്നതിനായി ഉള്ളടക്കം ചെയ്തിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ അംഗീകരിച്ചു ഉത്തരവാകുകയും ചെയ്യുന്നു.

3. ഇതിനോടകം ഈ വർഷത്തെ ഗ്രേഡിംഗ് നടപടികൾ പഞ്ചായത്ത് വകുപ്പ് സ്വീകരിച്ചു കഴിഞ്ഞതിനാൽ നിലവിലെ അംഗീകാരം നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തുന്നു. എന്നാൽ തുടർന്നുള്ള വർഷം മുതൽ പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങൾ എല്ലാ തദ്ദേശസ്വയം ഭരണസ്ഥാപനങ്ങളും പിന്തുടരുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണെന്നും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ , ഹരിത കേരള മിഷൻ
പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണ വകുപ്പ്
ഡയറക്ടർ, തദ്ദേശസ്വയംഭരണ (റൂറൽ) വകുപ്പ്
ഡയറക്ടർ, തദ്ദേശസ്വയംഭരണ (അർബൻ ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ , കുടുംബശ്രീ
മിഷൻ ഡയറക്ടർ, അമൃത്

മാനേജിംഗ് ഡയറക്ടർ , ഇംപാക്ട് കേരള
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ ) (ഓഡിറ്റ് I )/ ഓഡിറ്റ് II ) , കേരളം.
എല്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
(തദ്ദേശസ്വയംഭരണ (റൂറൽ) ഡയറക്ടർ മുഖേന )
എല്ലാ കോർപറേഷൻ / മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും
(തദ്ദേശസ്വയംഭരണ (അർബൻ ) ഡയറക്ടർ മുഖേന )
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
മാനേജിംഗ് ഡയറക്ടർ , ക്ലീൻ കേരള കമ്പനി
എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Tessy Jose
Date: 25-07-2022 16:49:38
സെക്ഷൻ ഓഫീസർ

പകർപ്പ്

തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി. എ യ്ക്ക്

# ശുചിത്വ മാലിന്യ സംസ്കരണത്തിലെ പ്രവർത്തന മികവിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഗ്രേഡ് ചെയ്യൽ – മാർഗ്ഗരേഖ

## ആമുഖം

ശുചിത്വ കേരളമെന്ന ലക്ഷ്യം കൈവരിക്കുന്നതിനായി നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി വിപുലമായ പ്രവർത്തനങ്ങളാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടന്നുവരുന്നത്. ഗാർഹിക-സ്ഥാപന-പൊതുതലങ്ങളിൽ രൂപപ്പെടുന്ന ഖരമാലിന്യങ്ങൾ തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള അടിസ്ഥാന സംവിധാനങ്ങൾ ഒരുക്കിയാണ് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ ലക്ഷ്യം കൈവരിക്കാൻ ശ്രമിക്കുന്നത്. അഴുകുന്ന മാലിന്യങ്ങൾ അതാതിടങ്ങളിൽ ശാസ്ത്രീയമായി സംസ്കരിച്ചും അഴുകാത്തവ വൃത്തിയാക്കി തരംതിരിച്ച് വാതിൽപ്പടി ശേഖരണം നടത്തിയും ശാസ്ത്രീയ പരിപാലനത്തിന് കൈമാറുന്നു. ഈ പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നതിന് അനുയോജ്യമായ അടിസ്ഥാന സൗകര്യങ്ങളും സേവന സംവിധാനവും ഒരുക്കുന്നതിനാണ് സംസ്ഥാന സർക്കാർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് നിർദ്ദേശിച്ചിട്ടുള്ളത്. ദേശീയ ഹരിത ട്രൈബ്യൂണൽ നിർദ്ദേശങ്ങളുടെയും കൂടി അടിസ്ഥാനത്തിൽ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെയും ഖരമാലിന്യ പരിപാലനത്തിൽ മികച്ച അവസ്ഥയിലെത്തിക്കുന്നതിനായി പൊതു ശുചിത്വത്തിന്റേയും പ്രവർത്തന മികവിന്റേയും അടിസ്ഥാന ത്തിൽ ഗ്രേഡ് ചെയ്യുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

## ലക്ഷ്യം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയായ ശുചിത്വ മാലിന്യ പരിപാലന പ്രവർത്തനങ്ങൾ ശാസ്ത്രീയമായി സാധ്യമാക്കുന്നതിനായി സർക്കാർ തലത്തിൽ നാളിതുവരെ ലഭ്യമാക്കിയിട്ടുള്ള നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഓരോ തദ്ദേശ സ്വയം ഭരണ സ്ഥാപന ത്തിന്റെയും നിലവിലെ ശുചിത്വ അവസ്ഥ പരിശോധിച്ച് പൊതുശുചിത്വത്തിന്റേയും വൃത്തിയുടെയും അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്യൽ. തുടർന്ന് 6 മാസത്തിലൊരിക്കൽ നിരന്തര തുടർ വിലയിരുത്തൽ നടത്തി മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയും ശുചിത്വ പദവിയിലെത്തിക്കൽ.

## സമീപനം

വീടുകൾ, സ്ഥാപനങ്ങൾ, പൊതുയിടങ്ങൾ, വഴിയോരങ്ങൾ, ജലാശയങ്ങളിലെ മാലിന്യ നിക്ഷേപം, ചന്തകൾ തുടങ്ങി ഓരോ ഇടങ്ങളേയും വൃത്തിയുടെ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനായി ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ നിർദ്ദേശ പ്രകാരം ശുചിത്വ-മാലിന്യ സംസ്കരണത്തിനായി ഒരുക്കിയിട്ടുള്ള ക്രമീകരണങ്ങൾ, അവയുടെ പ്രവർത്തനാവസ്ഥ, പരിപാലനം എന്നിവ വിലയിരുത്തി ഗ്രേഡിംഗ് നടത്തലും വിടവുകൾ പരിഹരിക്കുന്നതിന് തുടർ പ്രവർത്തനങ്ങൾ ഉറപ്പാക്കിയും, നിരന്തര വിലയിരുത്തലിലൂടെ മികച്ച ശുചിത്വ അവസ്ഥയിലെത്തിച്ചും, സമ്പൂർണ്ണ ശുചിത്വ പദവിക്ക് പ്രാപ്തമാക്കലും.

## അടിസ്ഥാന വിലയിരുത്തൽ ഘടകങ്ങൾ

- ഖരമാലിന്യ പരിപാലനം ശാസ്ത്രീയമായി നടപ്പിലാക്കുന്നതിനായി നാളിതുവരെ സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അടിസ്ഥാനപ്രവർത്തന ഘടകങ്ങളെയാണ് ഗ്രേഡിംഗ് വിലയിരുത്തലിന് വിധേയമാക്കുക

- വിലയിരുത്തൽ ഘടകങ്ങളിൽ കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത് ശുചിത്വ മാലിന്യ സംസ്കരണത്തിനായ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കേണ്ട അനിവാര്യ ഘടകങ്ങൾക്കാണ്.
- രണ്ടാമതായി പ്രാധാന്യം നൽകിയിരിക്കുന്നത് അനിവാര്യഘടകങ്ങൾ പ്രാവർത്തിക മാക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള സഹായ ഘടകങ്ങൾക്കാണ്.
- മൂന്നാമതായി പ്രാധാന്യം നൽകിയിരിക്കുന്നത് മേൽ രണ്ട് ഘടകങ്ങളെയും സജ്ജീവമാക്കുന്നതിനുള്ള ഉപഘടകങ്ങൾക്കാണ്.
- ചില ഘടകങ്ങൾക്ക് നെഗറ്റീവ് മാർക്ക് ബാധകമാണ്.

## വിലയിരുത്തൽ രീതി

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രൂപപ്പെടുന്ന ആകെ ജൈവ-അജൈവ മാലിന്യത്തിന്റെ അളവ്, ശേഖരിക്കുന്ന മാലിന്യത്തിന്റെ അളവ്, പ്രത്യേകതരം മാലിന്യങ്ങളുടെ കൈകാര്യം ചെയ്യൽ, ശേഖരണ സംഭരണ സംവിധാനങ്ങളുടെ വ്യാപ്തി, പ്രവർത്തന ഗുണനിലവാരം, മാലിന്യ സംസ്കരണത്തിനുള്ള ഭൗതീക അടിസ്ഥാനസൗകര്യങ്ങളുടെ ഗുണനിലവാരം, നടത്തിപ്പ് രീതിയും പരിപാലന സംവിധാനവും തുടങ്ങിയ ഘടകങ്ങളെ അടിസ്ഥാനമാക്കിയാണ് വിലയിരുത്തൽ നടത്തുക.

## ശുചിത്വ ഗ്രേഡിംഗ് - ഇൻസ്പെക്ഷൻ ടീം

1. **ജില്ലാ-തല ഇൻസ്പെക്ഷൻ ടീം**

(മുനിസിപ്പൽ കോർപ്പറേഷനുകൾ & മുൻസിപ്പാലിറ്റികൾ )

| | | |
|---|---|---|
| **കൺവീനർ** | : | ജില്ലാ ശുചിത്വ മിഷൻ കോർഡിനേറ്റർ |
| **കോ-ഓർഡിനേറ്റർ** | : | ഹരിത കേരളം മിഷൻ കോ-ഓർഡിനേറ്റർ |
| **അംഗങ്ങൾ** | : | റീജണൽ ജോയിന്റ് ഡയറക്ടർ (നഗരകാര്യം)<br>ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത്<br>എൻവയോൺമെന്റൽ എഞ്ചിനീയർ - മലിനീകരണ നിയന്ത്രണ ബോർഡ്<br>എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ് (LID & EW)<br>മാനേജർ - CKCL<br>ജില്ലാ മിഷൻ കോർഡിനേറ്റർ -കുടുംബശ്രീ മിഷൻ<br>ജില്ലാ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ- പഞ്ചായത്ത് വകുപ്പ്<br>ജോയിന്റ് പ്രോഗ്രാം കോർഡിനേറ്റർ-MGNREGS<br>സന്നദ്ധ പ്രവർത്തകർ (2)<br>**5 നഗരസഭകളിൽ കൂടുതലുള്ള ജില്ലകളിൽ ചുവടെ കൊടുക്കുന്ന ഉദ്യോഗസ്ഥരെ കൂടി ഇൻസ്പെക്ഷൻ ടീമിൽ ചേർക്കാവുന്നതാണ്.**<br>അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)<br>അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (പി.എ)<br>(നഗരസഭകൾ കൂടുതലുള്ള ജില്ലകളിൽ ശുചിത്വ മിഷൻ, ഹരിത കേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർമാർ കൺവീനർമാരായി 2 ടീമുകളാക്കി ഇൻസ്പെക്ഷൻ |

നടത്താവുന്നതാണ്)

## 2. ബ്ലോക്ക്തല ഇൻസ്പെക്ഷൻ ടീം

(ഗ്രാമപഞ്ചായത്തുകൾ)

| | | |
|---|---|---|
| **കൺവീനർ** | : | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| **അംഗങ്ങൾ** | : | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ (LID & EW), ബ്ലോക്ക് പഞ്ചായത്ത് |
| | : | പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ/ജൂനിയർ സൂപ്രണ്ട് (തദ്ദേശ സ്വയംഭരണ വകുപ്പ്) |
| | : | ജനറൽ എക്സ്റ്റൻഷൻ ഓഫീസർ |
| | : | ബ്ലോക്ക് കോ-ഓർഡിനേറ്റർ, കുടുംബശ്രീ മിഷൻ |
| | : | ശുചിത്വ മിഷൻ/ഹരിത കേരളം മിഷൻ റിസോഴ്സ് പേഴ്സൺ -1 |

## 3. സംസ്ഥാനതല സൂപ്പർ ചെക്കിംഗ് ടീം

| | | |
|---|---|---|
| **ചെയർമാൻ** | : | പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് |
| **കൺവീനർ** | : | സംസ്ഥാന ശുചിത്വ മിഷൻ പ്രതിനിധി |
| **അംഗങ്ങൾ** | : | ഹരിതകേരളം മിഷൻ പ്രതിനിധി |
| | : | നഗരകാര്യ വകുപ്പ് പ്രതിനിധി |
| | : | പഞ്ചായത്ത് വകുപ്പ് പ്രതിനിധി |
| | : | മലിനീകരണ നിയന്ത്രണ ബോർഡ് പ്രതിനിധി |
| | : | ക്ലീൻ കേരള കമ്പനി പ്രതിനിധി |
| | : | കുടുംബശ്രീ മിഷൻ പ്രതിനിധി |
| | : | MGNREGS പ്രതിനിധി |
| | : | തദ്ദേശ സ്വയം ഭരണ വകുപ്പ്, LID & EW –പ്രതിനിധി |
| | : | പെർഫോർമൻസ് ഓഡിറ്റ് വിഭാഗം പ്രതിനിധി (തദ്ദേശ സ്വയംഭരണ വകുപ്പ്) |

## 4. ജില്ലാ ശുചിത്വ ഗ്രേഡിംഗ് സമിതി

| | | |
|---|---|---|
| **ചെയർമാൻ** | : | ജില്ലാകളക്ടർ |
| **വൈസ് ചെയർമാൻ** | : | ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് |
| **കൺവീനർ** | : | ജില്ലാ ശുചിത്വ മിഷൻ കോ ഓർഡിനേറ്റർ |
| **കോ-ഓർഡിനേറ്റർ** | : | ജില്ലാ ഹരിതകേരളം മിഷൻ കോ-ഓർഡിനേറ്റർ |

| | | |
|---|---|---|
| **അംഗങ്ങൾ** | : | റീജിയണൽ ജോയിന്റ് ഡയറക്ടർ – |
| | : | നഗരകാര്യം |
| | : | ഡെപ്യൂട്ടി ഡയറക്ടർ – പഞ്ചായത്ത് വകുപ്പ് |
| | : | ജില്ലാ മിഷൻ കോ–ഓർഡിനേറ്റർ – കുടുംബശ്രീ |
| | : | മാനേജർ – ക്ലീൻ കേരളാ കമ്പനി ലിമിറ്റഡ് എൻവയോൺമെന്റൽ എഞ്ചിനീയർ – |
| | : | മലിനീകരണ നിയന്ത്രണ ബോർഡ് ജോയിന്റ് പ്രോഗ്രാം കോ–ഓർഡിനേറ്റർ, |
| | : | എം.ജി.എൻ.ആർ. ഇ.ജി.എസ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (LID & EW) – |
| | : | തദ്ദേശസ്വയം ഭരണ വകുപ്പ് |
| | : | റിസോഴ്സ് പേഴ്സൺ – ഹരിതകേരളം (1) റിസോഴ്സ് പേഴ്സൺ – ശുചിത്വ മിഷൻ (1) |

## 5. സംസ്ഥാനതല ശുചിത്വ ഗ്രേഡിംഗ് സമിതി

| | | |
|---|---|---|
| **ചെയർപേഴ്സൺ** | : | അഡീ.ചീഫ് സെക്രട്ടറി.,ത.സ്വ.ഭ.വ |
| **കോ–ചെയർപേഴ്സൺ** | : | കോർഡിനേറ്റർ നവകേരളം കർമ്മപദ്ധതി –2 |
| **കൺവീനർ** | : | പ്രിൻസിപ്പൽ ഡയറക്ടർ., ത.സ്വ.ഭ.വ. |
| **കോ–ഓർഡിനേറ്റർ** | : | എക്സിക്യൂട്ടീവ് ഡയറക്ടർ– ശുചിത്വ മിഷൻ |
| **അംഗങ്ങൾ** | : | ഡയറക്ടർ – പഞ്ചായത്ത് |
| | : | ഡയറക്ടർ – അർബൻ |
| | : | എക്സിക്യൂട്ടീവ് ഡയറക്ടർ – കുടുംബശ്രീ മിഷൻ |
| | : | മിഷൻ ഡയറക്ടർ – എം.ജി.എൻ.ആർ.ഇ.ജി.എസ് |
| | : | ചീഫ് എഞ്ചിനീയർ – (LID & EW) –തദ്ദേശസ്വയം ഭരണ വകുപ്പ് |
| | : | മാനേജിംഗ് ഡയറക്ടർ – ക്ലീൻ കേരളാ കമ്പനി |
| | : | ലിമിറ്റഡ് |
| | : | ഡയറക്ടർ ജനറൽ – കില |
| | : | മെമ്പർ സെക്രട്ടറി– സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് |
| | : | ജോയിന്റ് കോ–ഓർഡിനേറ്റർ– ഹരിതകേരളം മിഷൻ–ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ |

# ശുചിത്വ മാലിന്യസംസ്കരണം-തദ്ദേശ സ്വംഭരണ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ്
# ചോദ്യാവലി - 2022-23

## 1. പൊതുവിവരങ്ങൾ

| | | | |
|---|---|---|---|
| 1.1. | ജില്ല | : | |
| 1.2. | ബ്ലോക്ക് | : | |
| 1.3. | ഗ്രാമപഞ്ചായത്ത്/നഗരസഭ/കോർപ്പറേഷൻ | : | |
| 1.4. | ആകെ വാർഡുകളുടെ എണ്ണം | : | |
| 1.5 | ജനസംഖ്യ (ഏറ്റവും പുതിയ കണക്ക് ലഭ്യമെങ്കിൽ അതെടുക്കുക. ഇല്ലെങ്കിൽ 2011- ലെ സെൻസസ് പ്രകാരം) | | |
| 1.6 | വീടുകളുടെ എണ്ണം (അസസ്മെന്റ് രജിസ്റ്റർ പ്രകാരം) | : | |
| 1.7 | ചന്തകളുടെ എണ്ണം | : | |
| 1.8 | ചന്തകൾക്ക് പുറമേയുള്ള മത്സ്യമാർക്കറ്റുകളുടെ എണ്ണം | : | |
| 1.9 | ഹോട്ടലുകൾ/ഭക്ഷണശാലകളുടെ എണ്ണം | : | |
| 1.10 | ചിക്കൻ കട്ടിംഗ് സെന്ററുകളുടെ എണ്ണം (ചന്തകളിൽ ഉള്ളതും അല്ലാത്തതും ഉൾപ്പടെ) | : | |
| 1.11 | ഇറച്ചിക്കടകളുടെ എണ്ണം | : | |
| 1.12 | ബസ് സ്റ്റാന്റുകളുടെ എണ്ണം | : | |
| 1.13 | വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ എണ്ണം | : | |
| 1.14 | മറ്റ് സ്ഥാപനങ്ങളുടെ എണ്ണം (ഹോട്ടലുകൾ/ഭക്ഷണശാലകൾ, ചിക്കൻ കട്ടിംഗ് സെന്ററുകൾ, ചന്തകൾ, ഇറച്ചിക്കടകൾ, മത്സ്യ മാർക്കറ്റുകൾ, ബസ് സ്റ്റാന്റുകൾ, വിനോദ സഞ്ചാര കേന്ദ്രങ്ങൾ എന്നിവ ഒഴികെയുള്ള എല്ലാ **സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല/സ്വകാര്യ സ്ഥാപനങ്ങളും** - ഹരിത കർമ്മ സേന മുഖേന ലഭ്യമാക്കുന്ന എണ്ണം ) | : | |

## 2. അടിസ്ഥാന വിവരങ്ങൾ

| | | | |
|---|---|---|---|
| 2.1 | **അജൈവ മാലിന്യ ശേഖരണം** | : | |
| 2.1.1 | വാതിൽപ്പടി സേവനം നൽകുന്ന വീടുകളുടെ എണ്ണം | : | |
| 2.1.2 | വാതിൽപ്പടി സേവനം നൽകുന്ന സ്ഥാപനങ്ങളുടെ എണ്ണം | : | |
| **2.2** | **ജൈവമാലിന്യ ശേഖരണം** | : | |
| 2.2.1 | വാതിൽപ്പടി ശേഖരണം ആവശ്യമായി വരുന്ന വീടുകളുടെ എണ്ണം (ഹരിത കർമ്മ സേന മുഖേന ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ) | : | |
| 2.2.2 | വാതിൽപ്പടി ശേഖരണ സേവനം നൽകുന്ന | : | |

| | | | |
|---|---|---|---|
| | വീടുകളുടെ എണ്ണം | | |
| 2.2.3 | വാതിൽപ്പടി ശേഖരണം ആവശ്യമായി വരുന്ന സ്ഥാപനങ്ങളുടെ എണ്ണം (ഹരിത കർമ്മ സേന മുഖേന ലഭ്യമാകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ) | : | |
| 2.2.4 | വാതിൽപ്പടി ശേഖരണ സേവനം നൽകുന്ന സ്ഥാപനങ്ങളുടെ എണ്ണം | : | |
| 2.3 | **ഉറവിട ജൈവമാലിന്യ സംസ്കരണ ഉപാധികൾ ആവശ്യമായവ** | : | |
| 2.3.1 | വീടുകളുടെ എണ്ണം (ജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണ സേവനം ആവശ്യമുള്ളത് ഒഴികെയുള്ള) | : | |
| 2.3.2 | ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന വീടുകളുടെ എണ്ണം | : | |
| 2.3.3 | സ്ഥാപനങ്ങളുടെ എണ്ണം (ജൈവ മാലിന്യത്തിന് വാതിൽപ്പടി ശേഖരണ സേവനം ആവശ്യമുള്ളത് ഒഴികെയുള്ള) | : | |
| 2.3.4 | ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങളുടെ എണ്ണം | : | |

## 3. രൂപപ്പെടുന്ന ആകെ മാലിന്യത്തിന്റെ അളവിനെ സംബന്ധിക്കുന്ന വിവരങ്ങൾ

| പ്രധാന സ്രോതസ്സുകൾ (1) | | പ്രതിദിനം രൂപപ്പെടുന്ന മാലിന്യം – കിലോഗ്രാമിൽ | | പ്രതിദിനം ശേഖരിച്ച് പരിപാലിക്കുന്ന മാലിന്യത്തിന്റെ അളവ് (കിലോഗ്രാമിൽ) | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | ജൈവം | | | | അജൈവം | | | | | |
| | | ജൈവം (2) | അജൈവം (3) | HKS മുഖേന (4) | % (5) | സ്വകാര്യ ഏജൻസി മുഖേന (6) | % (7) | HKS മുഖേന (8) | % (9) | സ്വകാര്യ ഏജൻസി മുഖേന (10) | % (11) | പാഴ്‌വസ്തു വ്യാപാരികൾ മുഖേന (12) | % (13) |
| a | **വീടുകൾ** | | | | | | | | | | | | |
| b | **പൊതുയിടങ്ങളായ –** ചന്തകൾ | | | | | | | | | | | | |
| c | മത്സ്യമാർക്കറ്റുകൾ | | | | | | | | | | | | |
| d | റോഡ്/പാർക്ക്/ബീച്ച് / ടൂറിസം കേന്ദ്രങ്ങൾ, ബസ് സ്റ്റാന്റുകൾ വൃത്തിയാക്കുന്നതിലൂടെ | | | | | | | | | | | | |
| e | **സ്ഥാപനങ്ങൾ** ഹോട്ടലുകൾ | | | | | | | | | | | | |
| f | ചിക്കൻകട്ടിംഗ് സെന്ററുകൾ | | | | | | | | | | | | |
| g | ഇറച്ചിക്കടകൾ | | | | | | | | | | | | |
| h | **മറ്റ് സ്ഥാപനങ്ങൾ** (സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖല /സ്വകാര്യ | | | | | | | | | | | | |

| പ്രധാന സ്രോതസ്സുകൾ (1) | പ്രതിദിനം രൂപപ്പെടുന്ന മാലിന്യം – കിലോഗ്രാമിൽ | | പ്രതിദിനം ശേഖരിച്ച് പരിപാലിക്കുന്ന മാലിന്യത്തിന്റെ അളവ് (കിലോഗ്രാമിൽ) | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | ജൈവം (2) | അജൈവം (3) | ജൈവം | | | | അജൈവം | | | | | |
| | | | HKS മുഖേന (4) | % (5) | സ്വകാര്യ ഏജൻസി മുഖേന (6) | % (7) | HKS മുഖേന (8) | % (9) | സ്വകാര്യ ഏജൻസി മുഖേന (10) | % (11) | പാഴ്‌വസ്തു വ്യാപാരികൾ മുഖേന (12) | % (13) |
| സ്ഥാപനങ്ങളും) | | | | | | | | | | | | |
| **ആകെ** | | | | | | | | | | | | |

**(സൂചകങ്ങൾക്കായി അനുബന്ധം –1 കാണുക)**

## ഗ്രേഡിംഗ് – വിലയിരുത്തൽ ഘടകങ്ങൾ

### 4. ശുചിത്വ – മാലിന്യ സംസ്കരണം – ഖരമാലിന്യ സംസ്കരണത്തിനായി അനിവാര്യമായി ഉണ്ടാകേണ്ട അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച്

**4.1 ഹരിതകർമ്മസേനയുടെ നേതൃത്വത്തിലുള്ള വാതിൽപ്പടി ശേഖരണ കവറേജ്**

a) **അജൈവമാലിന്യം**

| | | നൽകാവുന്ന മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|---|
| വീടുകൾ | **വളരെ മികച്ചത്** – (90% മുകളിൽ) | 10 | |
| | **മികച്ചത്** – (70–90% ) | 8 | |
| | **ശരാശരി** (50–70%) | 5 | |
| | **ശരാശരിയിൽ താഴെ** – (50%–ൽ കുറവ്) | 0 | |
| സ്ഥാപനങ്ങൾ | **വളരെ മികച്ചത്** – (90 % മുകളിൽ) | 10 | |
| | **മികച്ചത്** – (80–90 %) | 8 | |
| | **ശരാശരി** (70–80 %) | 5 | |
| | **ശരാശരിയിൽ താഴെ** – (70 % താഴെ) | 0 | |

b) **ജൈവമാലിന്യം**

| | | **നൽകാവുന്ന മാർക്ക്** | **ലഭിച്ച മാർക്ക്** |
|---|---|---|---|
| വീടുകൾ | വാതിൽപ്പടി ശേഖരണം ആവശ്യമായി വരുന്ന വീടുകളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ | | |
| | 90 % മുകളിൽ – **വളരെ മികച്ചത്** | 5 | |
| | 80–90% – **മികച്ചത്** | 3 | |
| | 70–80 % – **ശരാശരി** | 2 | |
| | 70 % താഴെ – **ശരാശരിയിൽ താഴെ** | 0 | |
| സ്ഥാപനങ്ങൾ | വാതിൽപ്പടി ശേഖരണം ആവശ്യമായി വരുന്ന സ്ഥാപനങ്ങളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ | | |
| | 90 % – **വളരെ മികച്ചത്** | 5 | |

| | | നൽകാവുന്ന മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|---|
| | 80–90% – **മികച്ചത്** | 3 | |
| | 70–80 % – **ശരാശരി** | 2 | |
| | 70 % താഴെ – **ശരാശരിയിൽ താഴെ** | 0 | |

**( a & b സൂചകങ്ങൾക്കായി അനുബന്ധം – 2 കാണുക)**

**4.2. തദ്ദേശസ്ഥാപന പരിധിയിൽ രൂപപ്പെടുന്ന ആകെ മാലിന്യത്തിന്റെ ശേഖരണത്തിന്റെ അളവ്**

**a) രൂപപ്പെടുന്ന ആകെ അജൈവ മാലിന്യത്തിന്റെ ശേഖരണത്തിന്റെ അളവ്**

| | | | |
|---|---|---|---|
| **ശേഖരണം** | 75% മുകളിൽ – **ഏറ്റവും മികച്ചത്** | 10 | |
| | 60% – 75% – **മികച്ചത്** | 8 | |
| | 50% – 60% –**ശരാശരി** | 5 | |
| | 50% –**നു** താഴെ | 0 | |

**b) പൊതുയിടങ്ങളിൽ രൂപപ്പെടുന്ന ആകെ ജൈവമാലിന്യത്തിന്റെ ശേഖരണം.**

| | | | |
|---|---|---|---|
| **ശേഖരണം** | 90% മുകളിൽ – **ഏറ്റവും മികച്ചത്** | 5 | |
| | 80% – 90% – **മികച്ചത്** | 3 | |
| | 70% – 80%– **ശരാശരി** | 2 | |
| | 70% – **ശരാശരിക്ക് താഴെ** | 0 | |

**(a & b സൂചകങ്ങൾക്കായി അനുബന്ധം –3 കാണുക)**

**4.3. MCF അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച്**

| | **മാർക്ക്** | **നൽകിയ** |
|---|---|---|
| ഏറ്റവും മികച്ചത് | 10 | |
| മികച്ചത് | 8 | |
| ശരാശരി | 5 | |
| ശരാശരിയിൽ താഴെ (നെഗറ്റീവ് മാർക്ക്) | (–4) | |

**(സൂചകങ്ങൾക്കായി അനുബന്ധം –4 കാണുക)**

**4.4. ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനം**

| ഉറവിട ജൈവമാലിന്യ സംസ്കരണ ഉപാധികൾ | | നൽകാവുന്ന മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|---|
| a)വീട്ടുകളിൽ(ഏതെങ്കിലും തരത്തിലുള്ള ഉറവിട ജൈവമാലിന്യ | 75% മുകളിൽ – ഏറ്റവും മികച്ചത് | 10 | |

| | | | |
|---|---|---|---|
| സ്കരണ സംവിധാനം – (കമ്പോസ്റ്റ് പിറ്റ് ഉൾപ്പെടെ) | 60–75% –മികച്ചത് | 8 | |
| | 50–60% – ശരാശരി | 5 | |
| | 50% –ശരാശരിയിൽ താഴെ | –2 (നെഗറ്റീവ് മാർക്ക്) | |
| b) സ്ഥാപനങ്ങൾ (ഏതെങ്കിലും തരത്തിലുള്ള ഉറവിട ജൈവമാലിന്യ സംസ്കരണ സംവിധാനം – (കമ്പോസ്റ്റ് പിറ്റ് ഉൾപ്പെടെ) | 90% മുകളിൽ –ഏറ്റവും മികച്ചത് | 10 | |
| | 80–90% –മികച്ചത് | 8 | |
| | 70–80% –ശരാശരി | 5 | |
| | 70% –ശരാശരിയിൽ താഴെ | (–2) | |

**(a&b സൂചകങ്ങൾക്കായി അനുബന്ധം – 5 കാണുക)**

## 5. ശുചിത്വ മാലിന്യ സംസ്കരണ സംവിധാനം ഫലപ്രദമാകുന്നതിന് അനിവാര്യമായി ഉറപ്പാക്കേണ്ട പിന്തുണാ ഘടകങ്ങൾ

### 5.1. നിയമ നടപടികൾ സ്വീകരിക്കുന്നത്

| | പരമാവധി മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|
| ഏറ്റവും മികച്ചത് 90%ന് മുകളിൽ | 5 | |
| മികച്ചത് 80–90% | 3 | |
| ശരാശരി 70–80% | 2 | |
| ശരാശരിയിൽ താഴെ 70% ന് താഴെ | 0 | |

**(സൂചകങ്ങൾക്കായി അനുബന്ധം – 6 കാണുക)**

### 5.2 ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും സേവന ഗുണപരതയും ഉറപ്പാക്കാൻ നടത്തുന്ന അവലോകന, വിലയിരുത്തൽ, മോണിട്ടറിംഗ് പ്രവർത്തനങ്ങൾ സംബന്ധിച്ച്

| | പരമാവധി മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|
| ഏറ്റവും മികച്ചത് | 5 | |
| മികച്ചത് | 3 | |
| ശരാശരി | 1 | |
| ശരാശരിക്ക് താഴെ | –5 (നെഗറ്റീവ് മാർക്ക്) | |

**(സൂചകങ്ങൾക്കായി അനുബന്ധം – 7 കാണുക)**

### 5.3 മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ

| | പരമാവധി മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|
| ഏറ്റവും മികച്ചത് | 5 | |
| മികച്ചത് | 3 | |
| ശരാശരി | 1 | |
| ശരാശരിക്ക് താഴെ | (–5) | |

**(സൂചകങ്ങൾക്കായി അനുബന്ധം – 8 കാണുക)**

### 5.4 പൊതു ശൗചാലയങ്ങളുടെ ശുചിത്വാവസ്ഥ

| | പരമാവധി മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|

| | | |
|---|---|---|
| ഏറ്റവും മികച്ചത് | 5 | |
| മികച്ചത് | 3 | |
| ശരാശരി | 1 | |
| ശരാശരിക്ക് താഴെ | (–5) | |

**(സൂചകങ്ങൾക്കായി അനുബന്ധം – 9 കാണുക)**

## 5.5. മറ്റുള്ളവ

### 5.5.1. കൂടികലർന്ന മാലിന്യം നീക്കുന്നതിന് കഴിഞ്ഞ 3 വർഷം (2019–20, 2020–21, 2021–22) വിനിയോഗിച്ച തുക സംബന്ധിച്ച്

| | പരമാവധി മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|
| ഏറ്റവും മികച്ചത് | 5 | |
| മികച്ചത് | 3 | |
| ശരാശരി | 2 | |
| ശരാശരിക്ക് താഴെ (നെഗറ്റീവ് മാർക്ക്) | (–5) | |

(സൂചകങ്ങൾക്കായി അനുബന്ധം – 10 കാണുക)

### 5.5.2. മാലിന്യ കൂനകൾ സംബന്ധിച്ച്

| | പരമാവധി മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|
| ഏറ്റവും മികച്ചത് | 10 | |
| മികച്ചത് | 8 | |
| ശരാശരി | 5 | |
| ശരാശരിക്ക് താഴെ (നെഗറ്റീവ് മാർക്ക്) | –5 (നെഗറ്റീവ് മാർക്ക്) | |

**(സൂചകങ്ങൾക്കായി അനുബന്ധം – 11 കാണുക)**

### 5.5.3. പൊതു ജലാശയങ്ങളുടേയും നിരത്തുകളുടേയും ശുചിത്വ സ്ഥിതി

| | പരമാവധി മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|
| ഏറ്റവും മികച്ചത് | 10 | |
| മികച്ചത് | 8 | |
| ശരാശരി | 5 | |
| ശരാശരിക്ക് താഴെ (നെഗറ്റീവ് മാർക്ക്) | –5 (നെഗറ്റീവ് മാർക്ക്) | |

**(സൂചകങ്ങൾക്കായി അനുബന്ധം – 12 കാണുക)**

### 5.5.4 പൊതു അവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ

| | പരമാവധി മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|
| ഏറ്റവും മികച്ചത് | 5 | |
| മികച്ചത് | 3 | |
| ശരാശരി | 2 | |
| ശരാശരിക്ക് താഴെ (നെഗറ്റീവ് മാർക്ക്) | 0 | |

**(സൂചകങ്ങൾക്കായി അനുബന്ധം – 13 കാണുക)**

### 5.5.5 യൂസർഫീ ശേഖരണം

| | പരമാവധി മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|
| ഏറ്റവും മികച്ചത് (80% കൂടുതൽ) | 10 | |
| മികച്ചത് ( 60–80%) | 8 | |
| ശരാശരി (50–60%) | 5 | |
| ശരാശരിക്ക് താഴെ (50% താഴെ) | –1 | |

**(സൂചകങ്ങൾക്കായി അനുബന്ധം – 14 കാണുക)**

### 5.5.6 ഹരിത കർമ്മസേനയുടെ വരുമാനം

| | പരമാവധി മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|
| ഏറ്റവും മികച്ചത് | 10 | |
| മികച്ചത് | 8 | |
| ശരാശരി | 5 | |
| ശരാശരിക്ക് താഴെ | –5 | |

**(സൂചകങ്ങൾക്കായി അനുബന്ധം – 15 കാണുക)**

### 5.5.7 പൗൾട്രി വേസ്റ്റ് സംസ്കരണം

| | പരമാവധി മാർക്ക് | ലഭിച്ച മാർക്ക് |
|---|---|---|
| ഏറ്റവും മികച്ചത് | 5 | |
| മികച്ചത് | 3 | |
| ശരാശരി | 2 | |
| ശരാശരിക്ക് താഴെ | 0 | |

(സൂചകങ്ങൾക്കായി അനുബന്ധം – 16 കാണുക)

## ശുചിത്വ ഗ്രേഡിംഗ് രീതി

- ഇൻസ്പെക്ഷൻ ടീമുകൾ അതാത് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ നേരിട്ട് സന്ദർശിച്ച് വേണം വിലയിരുത്തൽ നടത്തുവാൻ
- ഇൻസ്പെക്ഷൻ ടീം അംഗങ്ങൾ ഇൻസ്പെക്ഷൻ പ്രവർത്തനത്തിലേർപ്പെടുന്നതിന് മുമ്പ് കില മുഖേനയുള്ള പരിശീലനത്തിന് വിധേയമാകണം.
- മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഓരോ ഘടകങ്ങളും ഇൻസ്പെക്ഷൻ ടീം കൃത്യമായി വിലയിരുത്തി വേണം മാർക്കുകൾ നിശ്ചയിക്കാൻ.
- ഏതെങ്കിലും ഘടകങ്ങളിൽ മാർക്ക് നൽകുന്നതിന് ഇൻസ്പെക്ഷൻ ടീമിന് വ്യക്തത കുറവുണ്ടെങ്കിൽ ആയത് ജില്ലാ ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ കോ-ഓർഡിനേറ്റർമാരുമായി ചർച്ച ചെയ്ത് വ്യക്തത വരുത്തണം.
- പൂരിപ്പിക്കേണ്ട ഫീൽഡ്തല ഫോർമാറ്റുകൾ ആവശ്യാനുസരണം ജില്ലാ ശുചിത്വ മിഷനുകൾ ഇൻസ്പെക്ഷൻ ടീമിന് ലഭ്യമാക്കേണ്ടതാണ്/ഓൺലൈൻ സംവിധാനവും ഉപയോഗപ്പെടുത്താ വുന്നതാണ്.
- 150 ആണ് ആകെ മാർക്കായി നിശ്ചയിച്ചിട്ടുള്ളത്.
- ആകെ മാർക്കിൽ നിന്ന് ലഭിച്ച മാർക്ക് പരിഗണിച്ചാണ് ശതമാനവും ഗ്രേഡും നിശ്ചയിക്കേണ്ടത്.
- പൂരിപ്പിച്ച ഫോർമാറ്റുകൾ ഇൻസ്പെക്ഷൻ ടീം കൺവീനർമാർ അതാത് ജില്ലാ ശുചിത്വ മിഷനുകളെ ഏൽപ്പിക്കേണ്ടതാണ്.
- ഇൻസ്പെക്ഷൻ ടീം കൺവീനർ, അംഗങ്ങൾ എന്നിവർ ഇൻസ്പെക്ഷൻ പ്രൊഫോർമയിൽ പേര്, തസ്തിക, മൊബൈൽ നമ്പർ എന്നിവ രേഖപ്പെടുത്തി ഒപ്പുവച്ചിരിക്കണം.
- ഇൻസ്പെക്ഷൻ ടീം ലഭ്യമാക്കുന്ന പ്രൊഫോർമയിലെ വിവരങ്ങൾ സംസ്ഥാനതലത്തിൽ നിന്ന് ലഭ്യമാകുന്ന ജില്ലാതല കൺസോളിഡേഷൻ പ്രൊഫോർമയിൽ രേഖപ്പെടുത്തുന്നതിന് ആവശ്യമായ സഹായ സഹകരണങ്ങൾ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത്, ആർ.ജെ.ഡി ഓഫീസുകളിൽ നിന്ന് ജില്ലാ ഹരിതകേരളം മിഷനും/നവകേരളം – ശുചിത്വ മിഷനും ലഭ്യമാക്കേണ്ടതാണ്.
- ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ഓരോ ഘടകങ്ങളിലേയും മാർക്കുകൾ രേഖപ്പെടുത്തുന്നതിനുള്ള വിശദമായ ഫോർമാറ്റ് ശുചിത്വ മിഷൻ ജില്ലകൾക്ക് നൽകേണ്ടതാണ്.
- ജില്ലാതല ക്രോഡീകരണ ഫോർമാറ്റ് ചുവടെ ചേർക്കുന്നു

## ജില്ലാതല ക്രോഡീകരണ ഫോർമാറ്റ്

| ക്രമ നം. | ജില്ലയുടെ പേര് | തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പേര് | ആകെ മാർക്ക് | ലഭിച്ച മാർക്ക് | ശതമാനം | ഗ്രേഡ് | കാറ്റഗറി |
|---|---|---|---|---|---|---|---|
| | | ഗ്രാമ പഞ്ചായത്ത് | | | | A | ഗ്രീൻ |
| | | | | | | B | യെല്ലോ |
| | | | | | | C | ഓറഞ്ച് |
| | | | | | | D | റെഡ് |
| | | മുനിസിപ്പാലിറ്റി | | | | A | ഗ്രീൻ |
| | | | | | | B | യെല്ലോ |
| | | | | | | C | ഓറഞ്ച് |
| | | | | | | D | റെഡ് |
| | | കോർപ്പറേഷൻ | | | | A | ഗ്രീൻ |
| | | | | | | B | യെല്ലോ |
| | | | | | | C | ഓറഞ്ച് |
| | | | | | | D | റെഡ് |

***(വാതിൽപ്പടി പാഴ് വസ്തു ശേഖരണം സർക്കാർ കലണ്ടർ പ്രകാരം സാധ്യമാക്കുകയും ഗ്രീൻ കാറ്റഗറിയിൽ ഉൾപ്പെടുകയും ചെയ്യുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഗ്രീൻ പ്ലസ് പദവി നൽകാവുന്നതാണ്)***

ഒപ്പ് : ജില്ലാ ശുചിത്വ ഗ്രേഡിംഗ് സമിതി ചെയർമാൻ

ഒപ്പ് : 1. അംഗങ്ങൾ

2 ……………

3. ………….

- 70% ത്തിന് മുകളിൽ 71 – 100 വരെ മാർക്ക് വാങ്ങിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് A ഗ്രേഡും ഗ്രീൻ കാറ്റഗറിയും നൽകാം.
- 50 ശതമാനത്തിനും 70 ശതമാനത്തിനും ഇടയിൽ 51 – 70 വരെ മാർക്ക് നേടിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് B ഗ്രേഡും യെല്ലോ കാറ്റഗറിയും നൽകാം.
- 20 ശതമാനത്തിനും 50 ശതമാനത്തിനും ഇടയിൽ 21 – 50 വരെ മാർക്ക് നേടിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് C ഗ്രേഡും ഓറഞ്ച് കാറ്റഗറിയും നൽകാം.
- ഒന്നിനും 20 ശതമാനത്തിനും ഇടയിൽ 1 – 20 വരെ മാർക്ക് നേടിയ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് D ഗ്രേഡും റെഡ് കാറ്റഗറിയും നൽകാം.
- ഇത്തരത്തിൽ ഓരോ ജില്ലയിലെയും ഗ്രീൻ, യെല്ലോ, ഓറഞ്ച്, റെഡ് കാറ്റഗറിയിൽ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ലിസ്റ്റ് ജില്ലാ

ഹരിതകേരളം മിഷനും, ശുചിത്വമിഷനും സംയുക്തമായി തയ്യാറാക്കി ജില്ലാ ശുചിത്വ ഗ്രേഡിംഗ് സമിതിയുടെ അംഗീകാരത്തോടെ ജില്ലാ ഗ്രേഡിംഗ്സമിതി ചെയർമാന്റെ ഒപ്പോടുകൂടി ജോയിന്റ് ഡയറക്ടർ തദ്ദേശസ്വയം ഭരണ വകുപ്പിന് സമർപ്പിക്കേണ്ടതും ആയത് ജോയിന്റ് ഡയറക്ടർമാർ പ്രിൻസിപ്പൽ ഡയറക്ടർക്ക് സമർപ്പിക്കേണ്ടതുമാണ്.

- പ്രിൻസിപ്പൽ ഡയറക്ടർ ആയത് ഡയറക്ടർ–പഞ്ചായത്ത്, ഡയറക്ടർ – നഗരകാര്യം, ശുചിത്വ മിഷൻ, ഹരിതകേരളം മിഷൻ, എം.ജി.എൻ.ആർ.ഇ.ജി.എസ്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, കുടുംബശ്രീ, ചീഫ് എഞ്ചിനീയർ – തദ്ദേശസ്വയംഭരണ വകുപ്പ് (LID & EW) ക്ലീൻകേരളാ കമ്പനി എന്നിവരുമായി ചർച്ച ചെയ്ത് അന്തിമ ലിസ്റ്റ് സർക്കാരിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

**കാലഗണന :–**

1. ഇൻസ്പെക്ഷൻ ടീമിന്റെ പരിശീലനം **12.07.2022** ന് മുമ്പ് പൂർത്തീകരിക്കേണ്ടതാണ്.
2. **25.07.2022** ന് മുമ്പായി ജില്ലാതല ഗ്രേഡിംഗ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് റിപ്പോർട്ട് പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പിന് അയക്കേണ്ടതാണ്.
3. **30.07.2022** ന് മുമ്പായി പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ് അന്തിമ ഗ്രേഡിംഗ് പട്ടിക സർക്കാരിലേക്ക് സമർപ്പിക്കേണ്ടതാണ്.
4. സമ്പൂർണ്ണ ഗ്രേഡിംഗ് പ്രവർത്തനങ്ങളിലേക്ക് പോകുന്നതിനു മുമ്പായി ഓരോ ജില്ലയിലെയും ഒരു ഗ്രാമ പഞ്ചായത്തിലും ഒരു നഗരസഭയിലും പൈലറ്റ് ഗ്രേഡിംഗ് പ്രവർത്തനങ്ങൾ ചെയ്ത് നോക്കാവുന്നതാണ്.

## ചുമതലകൾ

- ജില്ല/ബ്ലോക്ക്തല ഇൻസ്പെക്ഷൻ ടീം രൂപീകരണം ജില്ലാതല ഏകോപന സമിതിയും ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പും സംയുക്തമായി നടപ്പിലാക്കണം.
- ജില്ലാ ശുചിത്വ ഗ്രേഡിംഗ് സമിതിയെ ജോയിന്റ് ഡയറക്ടർ തദ്ദേശസ്വയംഭരണ വകുപ്പ്, ഹരിതകേരളം മിഷൻ, ശുചിത്വ മിഷൻ എന്നിവർ സംയുക്തമായി രൂപീകരിക്കണം.
- സൂപ്പർചെക്ക് ടീം രൂപീകരണം പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ് നിർവഹിക്കണം.
- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രേഡിംഗുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ ശുചിത്വ മിഷനും, ഹരിതകേരളം മിഷനും കിലയുമായി കൂടിയാലോചിച്ച് നടത്തണം.
- ഇൻസ്പെക്ഷൻ ടീമിന്റെ തദ്ദേശസ്വയംഭരണസ്ഥാപന സന്ദർശനത്തിനായി ടീം അംഗങ്ങളുടെ വകുപ്പിലെ വാഹനസൗകര്യം ഉപയോഗിക്കുകയോ അതില്ലാത്ത പക്ഷം ജില്ലാ ശുചിത്വ മിഷൻ വാഹനസൗകര്യം ലഭ്യമാക്കുകയോ ചെയ്യേണ്ടതാണ്
- ഇൻസ്പെക്ഷൻ, ഗ്രേഡിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്കാവശ്യമായ മറ്റ് സജ്ജീകരണങ്ങളും ശുചിത്വ മിഷൻ ലഭ്യമാക്കേണ്ടതാണ്.
- ഓരോ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും ഈ ഉത്തരവിൽ പരാമർശിക്കുന്ന രീതിയിൽ രൂപപ്പെടുന്ന മാലിന്യത്തിന്റേയും ശേഖരിക്കുന്ന മാലിന്യത്തിന്റേയും കണക്കുകൾ, മറ്റ് വിശദാംശങ്ങൾ എന്നിവ ഫീൽഡ് സന്ദർശനത്തിന്റെ

അടിസ്ഥാനത്തിൽ മുൻകൂട്ടി തയ്യാറാക്കി വയ്ക്കേണ്ടതും ആയത് ഇൻസപെക്ഷൻ ടീമിന്റെ സന്ദർശന വേളയിൽ ലഭ്യമാക്കേണ്ടതുമാണ്.

## പൊതു നിർദ്ദേശങ്ങൾ

- ജില്ലാ-ബ്ലോക്ക്തല ഇൻസ്പെക്ഷൻ ടീമുകളുടെ വിലയിരുത്തലിൽ മേൽ സൂപ്പർ ചെക്ക് ചെയ്യുന്നതിനുള്ള അധികാരം സംസ്ഥാന/ജില്ലാ ഗ്രേഡ് നിർണ്ണയ സമിതിക്കുണ്ടായിരിക്കും.
- ജില്ലാ തല ശുചിത്വ ഗ്രേഡിംഗ് സമിതി ചെയർമാന്റെ അദ്ധ്യക്ഷതയിൽ യോഗം ചേർന്ന് ചർച്ച ചെയ്ത് അന്തിമമാക്കിയ പട്ടികയാവണം സംസ്ഥാന തല ത്തിൽ സമർപ്പിക്കേണ്ടത്.
- ജില്ലാതല ശുചിത്വ ഗ്രേഡിംഗ് സമിതി ചെയർമാനായ ജില്ലാകളക്ടറുടെ ഒപ്പോടുകൂടിയ പട്ടികയാണ് സമർപ്പിക്കേണ്ടത്. ആയത് ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയം ഭരണ വകുപ്പ്, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ കോർഡിനേറ്റർമാർ ഉറപ്പ വരുത്തേണ്ടതാണ്.
- ജില്ലാതല ശുചിത്വ ഗ്രേഡിംഗ് സമിതി അംഗങ്ങൾ പട്ടികയിൽ ഒപ്പ വച്ചിരിക്കണം.
- സമയബന്ധിതമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഗ്രേഡിംഗ് പട്ടിക സമർപ്പിക്കുന്നതിന് ജില്ലാ സംസ്ഥാനതല ശുചിത്വ ഗ്രേഡിംഗ് സമിതികൾ ശ്രദ്ധിക്കേണ്ടതാണ്.
- ജില്ലാ – ബ്ലോക്ക് പഞ്ചായത്ത് തല ഇൻസ്പെക്ഷൻ ടീമുകളുടെ വിലയിരുത്തൽ, ജില്ലാ ഗ്രേഡിംഗ് സമിതിയുടെ പ്രവർത്തനങ്ങൾ, എന്നിവ സൂപ്പർ ചെക്ക് ചെയ്യുന്നതിന് സംസ്ഥാനതല സൂപ്പർചെക്ക് ടീമിനെ പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പിന്റെ മേൽനോട്ടത്തിൽ രൂപീകരിച്ച് പ്രവർത്തിപ്പിക്കേണ്ടതാണ്.
- ഇൻസ്പെക്ഷൻ പ്രവർത്തനങ്ങളിൽ വീഴ്ച്ചയുണ്ടാകുന്ന പക്ഷമോ, സുതാര്യമായ വിലയിരുത്തൽ നടത്തപ്പെടാത്ത സാഹചര്യമോ ഉണ്ടായാൽ ഇൻസ്പെക്ഷൻ ടീമുകൾക്കെതിരെ കർശന നടപടികൾ

## 1. അനുബന്ധം – 1: ഉണ്ടാകുന്ന ആകെ മാലിന്യത്തെ സംബന്ധിക്കുന്ന വിവരങ്ങൾ

### സൂചകങ്ങൾ

1. ജനസംഖ്യ വച്ച് ആളോഹരി മാലിന്യ ഉൽപാദനം പൊതുവിൽ ഉണ്ടാകുന്നത് കണക്കാക്കാം. (സംസ്ഥാന ഖര മാലിന്യ പരിപാലന നയം–2018, 2017 ലെ മാലിന്യത്തിൽ നിന്നും സ്വാതന്ത്ര്യം കാമ്പയിന്റെ ഭാഗമായി ശേഖരിച്ച വിവരങ്ങൾ എന്നിവ ആധാരമാക്കാം). കൂടാതെ സ്ഥാപനങ്ങളുടെ എണ്ണവും പ്രവർത്തനവും വച്ച് ഉണ്ടാകുന്ന മാലിന്യത്തിന്റെ അളവ് കണക്കാക്കാവുന്നതാണ്.
2. ശേഖരിച്ച് പരിപാലിക്കുന്ന മാലിന്യങ്ങളെ സംബന്ധിച്ച വിവരങ്ങൾ ഹരിതകർമ്മസേന, സ്വകാര്യ ഏജൻസികൾ, പാഴ് വസ്തു വ്യാപാരികൾ എന്നിവരിൽ നിന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുൻകൂട്ടി ശേഖരിച്ച് ഇൻസ്പെക്ഷൻ ടീമിന് കൈമാറണം.
3. തദ്ദേശസ്വയം ഭരണ സ്ഥാപനം ലഭ്യമാക്കിയ വിവരം വിശ്വാസയോഗ്യമാണോയെന്നത് ഹരിത കർമ്മ സേന രജിസ്റ്റർ, പാഴ് വസ്തു വ്യാപാരികൾ, സ്വകാര്യ ഏജൻസികൾ എന്നിവരിൽ നിന്ന് റാന്റം പരിശോധന നടത്തി ഇൻസ്പെക്ഷൻ ടീം ഉറപ്പാക്കണം.

## 2. അനുബന്ധം – 2 : ശുചിത്വ – മാലിന്യ സംസ്കരണം – ഖരമാലിന്യ സംസ്കരണത്തിനായി അനിവാര്യമായി ഉണ്ടാകേണ്ട അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച്

ഹരിതകർമ്മസേനയുടെ നേതൃത്വത്തിലുള്ള വാതിൽപ്പടി ശേഖരണ കവറേജ്

## 2 (a) അജൈവമാലിന്യം

### സൂചകങ്ങൾ

ആകെയുള്ള വീടുകൾ, സ്ഥാപനങ്ങളിൽ എത്ര ശതമാനത്തിന് വാതിൽപ്പടി സേവനം നൽകുന്നു എന്നത് കണക്കാക്കി മാർക്ക് രേഖപ്പെടുത്തണം.

2.a.1. ഹരിത കർമ്മസേനാ രജിസ്റ്റർ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ രജിസ്റ്റർ, 2019 ലേയും 2020 ലേയും അവസ്ഥാ വിലയിരുത്തൽ വിശദാംശങ്ങൾ എന്നിവ പരിശോധിച്ച് മാർക്ക് നൽകാം.

2.a.2. വാതിൽപ്പടി സേവനം വീടുകളിലും സ്ഥാപനങ്ങളിലും കലണ്ടർ പ്രകാരം നടത്തുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് +5 മാർക്ക് നൽകാവുന്നതും, ആകെ മാർക്ക് കണക്കാക്കുമ്പോൾ ഗ്രീൻ വിഭാഗത്തിൽ ഉൾപ്പെടുന്നുവെങ്കിൽ ഗ്രീൻ പ്ലസ് പദവി നൽകാവുന്നതുമാണ്.

## 2 (b) ജൈവമാലിന്യം

### സൂചകങ്ങൾ

2.b.1 ജൈവമാലിന്യം പൊതുസംവിധാനത്തിൽ സംസ്കരിക്കുന്നതിനായി വാതിൽപ്പടി സേവനം സ്വീകരിക്കുന്ന വീടുകളും സ്ഥാപനങ്ങളും നഗരസഭകളിലും ചില ഗ്രാമപഞ്ചായത്തുകളിലും നിലവിലുണ്ട്. ഈ സേവനം ആവശ്യപ്പെട്ട വീടുകൾക്കും സ്ഥാപനങ്ങൾക്കും നൽകുന്ന സേവനം സംബന്ധിച്ചാണ് ഇവിടെ രേഖപ്പെടുത്തേണ്ടത്. ഈ സേവനം ആവശ്യമില്ലാതെ വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതിന്റെ മാർക്ക് മൊത്തം മാർക്കിൽ കുറവ് ചെയ്താൽ മതി.

2.b.2 ആകെ വീടുകൾ, സ്ഥാപനങ്ങൾ അതിൽ വാതിൽപ്പടി ശേഖരണം ആവശ്യമായി വരുന്ന വീടുകൾ, സ്ഥാപനങ്ങളുടെ എണ്ണം ആയതിൽ എത്ര വീടുകൾക്കും

സ്ഥാപനങ്ങൾക്കും വാതിൽപ്പടി സേവനം ലഭ്യമാക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ മാർക്ക് നിശ്ചയിക്കണം.

2.b.3 വാതിൽപ്പടി ശേഖരണം ആവശ്യമായി വരുന്ന വീട്ടുകളുടെയും സ്ഥാപനങ്ങളുടേയും എണ്ണം, സേവനം നൽകുന്ന വീട്ടുകളുടേയും സ്ഥാപനങ്ങളുടേയും എണ്ണം എന്നിവ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ മുൻകൂട്ടി ശേഖരിക്കണം. ആയത് ഇൻസ്പെക്ഷൻ വേളയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഇൻസ്പെക്ഷൻ ടീമിന് കൈമാറണം.

## അനുബന്ധം – 3 : തദ്ദേശ സ്വയംഭരണ സ്ഥാപന പരിധിയിൽ രൂപപ്പെടുന്ന ആകെ മാലിന്യത്തിന്റെ ശേഖരണത്തിന്റെ അളവ്

**a. രൂപപ്പെടുന്ന ആകെ അജൈവമാലിന്യത്തിന്റെ ശേഖരണത്തിന്റെ അളവ്**

**സൂചകങ്ങൾ**

- ചോദ്യാവലിയിലെ മൂന്നാം ഇനത്തിൽ 8,10,12 കോളങ്ങളിൽ വരുന്ന വിവരത്തിന്റെ ആകെയാണ് ശേഖരണ അളവായി കണക്കാക്കേണ്ടത്.
- തദ്ദേശ സ്വയംഭരണ പ്രദേശത്ത് ഉണ്ടാകുന്ന ആകെ അജൈവ മാലിന്യത്തിന്റെ അളവിന്റെ എത്ര ശതമാനം ശേഖരിക്കപ്പെടുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് മാർക്ക് നിശ്ചയിക്കേണ്ടത്. ശേഖരിക്കപ്പെടുന്ന ആകെ അജൈവമാലിന്യത്തിന്റെ അളവ് (പ്രതിമാസം എത്ര കിലോ എന്നാണ് കണക്കാക്കേണ്ടത്) എം.സി.എഫിലെ രജിസ്റ്റർ, ക്ലീൻകേരള കമ്പനി/മറ്റ് ഏജൻസികൾക്ക് നൽകിയതിന്റെ രേഖകൾ (invoice), നഗരസഭ/പഞ്ചായത്തിന് പ്രസ്തുത സ്ഥാപനങ്ങൾ നൽകിയ രസീത് തുടങ്ങിയ ആധികാരിക രേഖകളുടെ അടിസ്ഥാനത്തിൽ കണക്കാക്കണം.

**b. പൊതുതലത്തിൽ രൂപപ്പെടുന്ന ആകെ ജൈവമാലിന്യത്തിന്റെ ശേഖരണം**

**സൂചകങ്ങൾ**

- ചോദ്യാവലിയിലെ മൂന്നാം ഇനത്തിൽ 4,6 കോളങ്ങളിൽ വരുന്ന വിവരത്തിന്റെ ആകെയാണ് ശേഖരണ അളവായി കണക്കാക്കേണ്ടത്.
- പൊതു ജൈവമാലിന്യ സംസ്കരണ സംവിധാനത്തിൽ സംസ്കരിക്കേണ്ടി വരുന്ന മാലിന്യത്തിന്റെ അളവിനെ അടിസ്ഥാനമാക്കി കണക്കാക്കേണ്ടതാണ്. (കമ്മ്യൂണിറ്റി കമ്പോസ്റ്റിംഗ് (തുമ്പൂർമൂഴി) വിൻഡ്രോ യൂണിറ്റുകൾ, കമ്മ്യൂണിറ്റി ബയോഗ്യാസ് തുടങ്ങിയവ) ഇതിൽ വീട്ടുകളിലും, സ്ഥാപനങ്ങളിലും നിന്ന് പൊതു സംവിധാനത്തിലേയ്ക്ക് നൽകുന്നതും തെരുവ് തൂത്ത് വാരുന്നതും ഉൾപ്പെടെ

## അനുബന്ധം 4 : എം.സി.എഫ് അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച്

**സൂചകങ്ങൾ**

- MCF ലെ സൗകര്യങ്ങളും പ്രവർത്തനങ്ങളും അടിസ്ഥാനമാക്കി വിലയിരുത്തണം
- എം.സി.എഫിലെ അടിസ്ഥാന സൗകര്യങ്ങൾ ശരാശരിക്കും താഴെ ആണെങ്കിൽ ആകെ ലഭിച്ച മാർക്കിൽ നിന്നും 4 മാർക്ക് കുറവ് ചെയ്യാവുന്നതാണ്.

**ഏറ്റവും മികച്ചത്**

- ഒരു മാസം തദ്ദേശസ്വയംഭരണ പ്രദേശങ്ങളിൽ നിന്ന് ശേഖരിക്കുന്ന മുഴുവൻ പാഴ് വസ്തുക്കളും സംഭരിക്കാൻ സൗകര്യമുള്ള കെട്ടിടം (ശേഖരിക്കേണ്ട മാലിന്യത്തിന്റെ അളവിനെ അടിസ്ഥാനമാക്കി നിശ്ചയിക്കണം). പതിനായിരം വരെ ജനസംഖ്യയുള്ള തദ്ദേശ സ്ഥാപനങ്ങളിൽ 1000 sq.ft, 10001–20000 വരെ 2000 sq.ft. ,20,000 ത്തിനു മുകളിൽ 3000 sq.ft എന്ന നിലയിൽ കണക്കാക്കാം.
- വിശ്രമമുറി, ശുചിമുറി, ഇലക്ട്രിസിറ്റി, ഫാൻ/എക്സ്ഹോസ്റ്റ് ഫാൻ സൗകര്യമുള്ളത്.(സുരക്ഷിതമായ വയറിംഗ് നടത്തിയിട്ടുള്ളതുമായിരിക്കണം, താത്ക്കാലിക കണക്ഷനുകൾ ഉൾപ്പെടുത്തേണ്ടതില്ല.)
- തരം തിരിക്കാനുള്ള ഇടം, തരം തിരിക്കാനുള്ള ടേബിൾ/or കൺവെയർബൽറ്റ്/ തരംതിരിച്ച് സംഭരിക്കാനുള്ള പ്രത്യേക സൗകര്യം (ചേമ്പറുകൾ) (ക്ലീൻകേരള കമ്പനിയുടെ തരംതിരിവ് പട്ടിക പ്രകാരം)
- മാലിന്യത്തിന്റെ വരവും കൈയൊഴിയുന്നതും അളക്കാനും രേഖപ്പെടുത്താനും ആവശ്യമായ ഉപകരണങ്ങളും സംവിധാനവും, ആയത് കൃത്യമായി രേഖപ്പെടുത്തുന്നത്
- ഫയർ സേഫ്റ്റി സൗകര്യം – ഉപകരണങ്ങൾ
- ഹരിതകർമ്മസേനയുടെ അഗ്നി/ അപകട സുരക്ഷാ അറിവ് – ഓരോ ഹരിതകർമ്മ സേനാംഗങ്ങളോടും ചോദിച്ച് മനസിലാക്കണം. എല്ലാവർക്കും അറിവുണ്ടെങ്കിൽ പരിഗണിക്കാം.
- ബെയിലിംഗ് മെഷീൻ
- ഡസ്റ്റ് റിമൂവർ
- എം.സി.എഫ് - പ്രവർത്തനത്തിന് വർക്ക് കലണ്ടർ - ഇത് കൃത്യമായി പിൻതുടരുന്നത്
- എം.സി.എഫും പരിസരവും വൃത്തിയും സൗന്ദര്യവൽക്കരണവും ഉറപ്പാക്കുന്നത്.
- എം.സി.എഫിൽ പ്രവർത്തിക്കുന്ന ഹരിതകർമ്മസേന അംഗങ്ങൾക്ക് ആവശ്യമായ ആരോഗ്യ സുരക്ഷാ ഉപാധികൾ ഉള്ളതും, ഉപയോഗിക്കുന്നതും
- കൃത്യമായ ഇടവേളയിൽ പാഴ് വസ്തുക്കൾ ആർ.ആർ.എഫിലേക്ക് / ഏജൻസിക്ക് കൈയൊഴിയുന്നത്. (മാസത്തിൽ കുറഞ്ഞത് 2 പ്രാവശ്യം)
- എം.സി.എഫുകളുടെ പിന്തുണ സംവിധാനം എന്ന നിലയിൽ എല്ലാ വാർഡുകളിലും മിനി എം.സി.എഫുകൾ ഉള്ളതും, ഓരോ മിനി എം.സി.എഫിൽ നിന്നും എം.സി.എഫിലേക്ക് പാഴ് വസ്തുക്കൾ എടുക്കുന്നതിന് കൃത്യമായ കലണ്ടർ / മുൻകൂട്ടി തീരുമാനിച്ച പ്ലാൻ പ്രകാരം താമസം വിനാ നീക്കുന്ന രീതി നിലവിലുള്ളത്.
- തരംതിരിക്കലിലൂടെ ലെഗസി വേസ്റ്റിന്റെ അളവ് എം.സി.എഫ്-ൽ തൊട്ട് മുൻ വർഷത്തേക്കാൾ കുറഞ്ഞത് (രേഖകളും ലെഗസ്സി മാലിന്യം കൈയൊഴിഞ്ഞ കണക്കുകൾ ഏജൻസിക്കു നൽകിയ പണവും നോക്കി നിശ്ചയിക്കുക)
- പാഴ് വസ്തു വിൽപനയിൽ കഴിഞ്ഞ 3 വർഷവും ക്രമാനുഗതമായ വർദ്ധനവും വരുമാനവും ഉണ്ടായത്. (2020–21 നേക്കാൾ 50% വർദ്ധനവ് 2021–22–ൽ ഉണ്ടായത്)

**മികച്ചത്**

- പകുതി വാർഡുകളിൽ നിന്നോ/15 ദിവസം ശേഖരിക്കുന്നതോ ആയ പാഴ് വസ്തുക്കൾ സംഭരിക്കാൻ ഇടമുള്ള എം.സി.എഫ് or (1500–2000 Sq.ft)
- ശുചിമുറി, ഫാൻ, വിശ്രമമുറി
- ബെയിലിംഗ് മിഷ്യൻ / ഡെസ്റ്റ് റിമൂവർ
- തരംതിരിക്കാനുള്ള ടേബിൾ
- പാഴ് വസ്തുക്കൾ എം.സി.എഫിലേക്ക് വരുന്നതിനും കൈയൊഴിയുന്നതും കൃത്യമായി അളന്ന് രേഖപ്പെടുത്തുന്നതിനുള്ള വെയിംഗ് മിഷ്യൻ, രജിസ്റ്ററുകൾ ഫലപ്രദമായി ഉപയോഗിക്കുന്നത്
- ഫയർ & സേഫ്റ്റി സംവിധാനം ഉള്ളത്. പ്രവർത്തിപ്പിക്കാനുള്ള ഹരിതകർമ്മ സേനയുടെ അറിവ്. 80% അംഗങ്ങൾക്ക് ഇതു സംബന്ധിച്ച അറിവ്
- എം.സി.എഫിൽ പ്രവർത്തിക്കുന്ന ഹരിത കർമ്മ സേനാംഗങ്ങൾക്ക് ആരോഗ്യ സുരക്ഷാ ഉപാധികൾ ആവശ്യത്തിന് ലഭിക്കുന്നതും, ഉപയോഗിക്കുന്നതും.
- കൃത്യമായ ഇടവേളകളിൽ (മാസത്തിൽ ഒരു പ്രാവശ്യം നിർബന്ധമായും) പാഴ്വസ്തുക്കൾ ആർ.ആർ.എഫിലേക്കോ എജൻസിക്കോ കൈമാറുന്നത്
- 2020–21 നേക്കാൾ പാഴ് വസ്തു വില്പനയിലൂടെ കുറഞ്ഞത് 25–30% തുക അധികമായി ലഭിച്ചത്
- മിനി എം.സി.എഫുകൾ ക്ലസ്റ്റർ തലത്തിൽ ഉള്ളതും അവിടെനിന്നും കൃത്യമായ കലണ്ടർ പ്രകാരം എം.സി.എഫിലേക്ക് പാഴ് വസ്തുക്കൾ മാറ്റുന്നത് – ഇത് രജിസ്റ്റർ രേഖകൾ പ്രകാരം
- CKCL–യുടെ മാർഗ്ഗ നിർദ്ദേശ പ്രകാരമോ, അതിനെക്കാൾ കൂടുതൽ ഇനങ്ങളായോ അജൈവ പാഴ വസ്തുക്കൾ തരംതിരിച്ച് കൈമാറുന്നതും, അതുസംബന്ധിച്ച അറിവുള്ളതുമായ ഹരിതകർമ്മസേന.

**ശരാശരി**

- 1/3 വാർഡുകളിൽ നിന്നോ 10 ദിവസത്തെ ശേഖരണത്തിന്റെയോ പാഴ് വസ്തുക്കൾ സംഭരിക്കാൻ കഴിയുന്നതും മിനി എം.സി.എഫിന്റെ സഹായത്തോടെ എം.സി.എഫിന്റെ പ്രവർത്തനം സുഗമമായി നടത്തുന്നത് (or 1000 Sq.ft ന് മുകളിൽ)
- ശുചിമുറി, വിശ്രമ മുറി, ഫാൻ
- കൃത്യമായ ഇടവേളകളിൽ (മാസത്തിൽ കുറഞ്ഞത് /ഒരു പ്രാവശ്യം) പാഴ് വസ്തു ആർ.ആർ.എഫ്/ഏജൻസിക്ക് കൈമാറുകയും എം.സി.എഫിൽ പാഴ്വസ്തു കൈകാര്യം ചെയ്യുന്നത് ഫലപ്രദമായി നോക്കുന്ന എം.സി.എഫ് (മിനി എം.സി.എഫിന്റെ സഹായത്തോടെയോ അല്ലാതെയോ)
- ഫയർ & സേഫ്റ്റി സൗകര്യം, 50% ഹരിതകർമ്മ സേനാംഗങ്ങൾക്ക് അറിവുള്ളത്
- 2021 ലെ പാഴ്വസ്തു വില്പനയെക്കാൾ 2021 –22 ൽ കുറഞ്ഞത് 25% തുക അധികമായി നേടാൻ കഴിഞ്ഞത്
- തരംതിരിക്കൽ സംബന്ധിച്ച ഹരിതകർമ്മസേനയുടെ അറിവ് (ക്ലീൻ കേരള കമ്പനിയുടെ പട്ടികയോ അതിനേക്കാൾ കൂടുതൽ വിവരങ്ങളോ അറിയാവുന്നതെങ്കിൽ മാത്രം)

**ശരാശരിയിൽ താഴെ**

- ശരാശരി വിഭാഗത്തിൽപെടുന്നതിന്റെ ഭൗതീക സൗകര്യങ്ങൾ ഇല്ലാത്തവ, സ്ഥലസൗകര്യം ഉണ്ടായിട്ടും മറ്റ് സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടില്ലാത്തവ, കൃത്യമായി പാഴ്വസ്തുക്കൾ CKCL/ഏജൻസിക്ക് കൈയൊഴിയാത്തവ, ഫയർ ആന്റ് സേഫ്റ്റി ഇല്ലാത്തവ, യാത്രാ സൗകര്യം ഇല്ലാത്തവ, പാഴ്വസ്തുക്കൾ കൂട്ടികലർത്തി മാത്രം സൂക്ഷിക്കുന്നവ, പാഴ്വസ്തുവിന്റെ വരവും ഏജൻസിക്ക് കൈമാറുന്നതും സംബന്ധിച്ച കണക്കുകൾ കൃത്യമായി രേഖപ്പെടുത്താത്തവ etc.

## അനുബന്ധം – 5 : ഉറവിട ജൈവമാലിന്യ സംസ്കരണ സംവിധാനം

**സൂചകങ്ങൾ**

- ആകെ വീട്ടുകൾ/സ്ഥാപനങ്ങളിൽ എത്ര എണ്ണത്തിന് പ്രവർത്തനക്ഷമമായ ഉറവിട ജൈവ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഉണ്ട്/ എത്ര വീട്ടുകളും സ്ഥാപനങ്ങളും ജൈവ മാലിന്യം പൊതു ജൈവ മാലിന്യ സംസ്കരണ സംവിധാനത്തിലേയ്ക്ക് കൈമാറേണ്ടതുണ്ട് എന്നതിന്റെ അടിസ്ഥാനത്തിലാവണം മാർക്ക് നൽകേണ്ടത്.
- ശരാശരിക്കും താഴെ മാർക്ക് നേടുന്ന തദ്ദേശസ്ഥാപനത്തിന് ആകെ ലഭിച്ച മാർക്കിൽ നിന്നും 2 മാർക്ക് (-2) കുറവ് ചെയ്യാവുന്നതാണ്

**അനുബന്ധം : 6 ശുചിത്വമാലിന്യ സംസ്കരണ സംവിധാനം ഫലപ്രദമാക്കുന്നതിന് അനിവാര്യമായി ഉറപ്പാക്കേണ്ട പിന്തുണാസംവിധാനങ്ങൾ – നിയമ നടപടികൾ സ്വീകരിക്കുന്നത്**

**സൂചകങ്ങൾ**
**ഏറ്റവും മികച്ചത്**

ഈ രംഗത്ത് നടത്തിയ ഓരോ പ്രവർത്തനത്തേയും പട്ടികപ്പെടുത്തിയതിനുശേഷം ചുവടെ കൊടുത്തിരിക്കുന്ന ഖണ്ഡികകളിൽ പറഞ്ഞിരിക്കുന്ന 11 ൽ 8 ഘടകങ്ങളോ, അല്ലെങ്കിൽ ഇതിൽ പ്രതിപാദിക്കാത്തതും എന്നാൽ നിയമ നടപടികൾ കാര്യക്ഷമമാക്കാൻ നടത്തിയ പ്രവർത്തനങ്ങളും അവയുടെ ഫലവും രേഖകളും നോക്കി വിലയിരുത്തിയ ശേഷം ഏറ്റവും മികച്ചതിൽ ഉൾപ്പെടുത്താം.

- നിരോധിത പ്ലാസ്റ്റിക്ക് / ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക് ഉല്പന്നങ്ങൾ വിൽക്കുന്നത് തടയാൻ നടത്തിയ റെയ്ഡുകൾ
  (റെയഡ് നടത്തിയ സ്ഥാപനങ്ങളുടെ എണ്ണം, നിയമ നടപടി സ്വീകരിച്ചത് – രേഖകൾ പ്രകാരം ആകെ സ്ഥാപനങ്ങളിൽ കുറഞ്ഞത് 80% സ്ഥാപനങ്ങളിൽ പരിശോധന/നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ).
- തെറ്റായ രീതിയിൽ മാലിന്യം കൈകാര്യം ചെയ്തതിന് പിഴ നടപടികൾ (തദ്ദേശ സ്വയംഭരണ സ്ഥാപനം നേരിട്ട് കണ്ടെത്തി എടുത്ത കേസുകൾ, നിരന്തര പരിശോധന സംബന്ധിച്ച വിവരങ്ങൾ– രേഖകൾ പ്രകാരം)
- ഹരിത കർമ്മ സേന നൽകിയ വിവരത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചത് (ഹരിത കർമ്മ സേനയുടെ റിവ്യൂ മിനുട്സിൽ പറഞ്ഞിരിക്കുന്ന പ്രശ്നങ്ങളിൽ കുറഞ്ഞത് 75%-ൽ ഇടപെട്ടത്/ഹരിതകർമ്മസേനയുടെ യോഗം വിളിച്ചുകൂട്ടി അവർ ഉന്നയിച്ചിട്ടുള്ള മാലിന്യ സംസ്കരണ പരാതികളിൽ എത്രയെണ്ണം നിയമ നടപടി സ്വീകരിച്ചെന്ന് വിലയിരുത്തുക. ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങളിൽ 75% ഇടപെട്ടിട്ടുണ്ടെങ്കിൽ)
- നിയമ നടപടികൾക്കായി ഉണ്ടാക്കിയ ക്രമീകരണങ്ങൾ – ക്യാമറ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ
- കുട്ടികളുടെ നേതൃത്വത്തിൽ പരിശോധന
- ജനകീയ വിജിലൻസ് കമ്മിറ്റിയുടെ പ്രവർത്തനം (കണ്ടെത്തിയ പ്രശ്നങ്ങളിൽ, സ്വീകരിച്ച നടപടികൾ)
- **നോട്ടീസ് നൽകിയ കേസുകളിൽ കേസ് ചാർജ്ജ് ചെയ്തത് (2021-22ൽ കുറഞ്ഞത് രണ്ട്)**
- പ്ലാസ്റ്റിക് മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള ബൈലോ പാസാക്കിയിട്ടുണ്ടെങ്കിൽ

- മുഴുവൻ കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ഹരിത നിയമ ക്ലാസ്സുകൾ സംഘടിപ്പിച്ചത്.
- പ്ലാസ്റ്റിക് മാലിന്യം കൈകാര്യം ചെയ്യുന്നതിന് തദ്ദേശ സ്വയംഭരണ ബൈലോ നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ ( പ്രചരണം, ഗ്രാമസഭ/വാർഡ് സഭകളിൽ അവതരണം , പിഴ etc. അംഗീകരിച്ച ബൈലോ പ്രകാരം)
- നിയമ നടപടി സംബന്ധിച്ച പ്രചരണം (ഗ്രാമസഭ/വാർഡ് സഭ, വ്യാപാരികളുടെ പ്രത്യേക ഓറിയന്റേഷൻ etc.)
- നിരോധിത പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്ത് ഉപയോഗത്തിലുണ്ടോ? (ഉണ്ട് എന്നാണെങ്കിൽ 2 മാർക്ക് നെഗറ്റീവ് നൽകണം, ഇത് മറ്റ് ഘടകങ്ങൾ എല്ലാം മികച്ചതിൽ വന്നാലും ഈ ചോദ്യത്തിന്റെ ഉത്തരം " ഉണ്ട് " എന്നാണെങ്കിൽ 2 മാർക്ക് നെഗറ്റീവ് നൽകണം)

**മികച്ചത്**

(ഇതിൽ ആദ്യത്തെ രണ്ട് ഘടകങ്ങൾ നിർബന്ധിതം അവസാനത്തേത് ഉണ്ടെങ്കിൽ നന്ന്).

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ലഭിച്ച പരാതികളിൽ മേൽ സ്വീകരിച്ച നടപടികൾ (പരാതി ലഭിച്ച് 24 മണിക്കൂറിനുള്ളിൽ നടപടിയെടുത്ത കേസുകളുടെ എണ്ണം. രേഖകൾ പ്രകാരം – ഹരിത കർമ്മസേനയുടെ റിവ്യൂ യോഗത്തിൽ ഉന്നയിച്ചതോ/അല്ലാതെ ശ്രദ്ധയിൽപ്പെടുത്തിയതോ ആയ പരാതിയിൻ 90% ത്തിൽ കൂടുതൽ മേൽ നടപടി സ്വീകരിച്ചത് (വിലയിരുത്തൽ ദിവസത്തിന് രണ്ട് ദിവസം മുമ്പ് വരെ).
- ഗ്രാമസഭ/വാർഡ്സഭ, വ്യാപാരികൾ, റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീകളിൽ ഹരിത നിയമങ്ങൾ സംബന്ധിച്ച് നടത്തിയ ബഹുജന വിദ്യാഭ്യാസ പരിപാടി – രേഖകൾ പ്രകാരവും പ്രാദേശിക അന്വേഷണങ്ങളുടെ അടിസ്ഥാനമാക്കി – ഓരോ വിഭാഗത്തിലും നിലവിലുള്ള എണ്ണത്തിൻറെ 60 % ൽ കുറഞ്ഞത് സംഘടിപ്പിച്ചിട്ടുണ്ടെങ്കിൽ
- നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങൾ നിയമ നടപടി സ്വീകരിച്ചത്, നടത്തിയ കട പരിശോധനകളുടെ എണ്ണം.(ആകെ ഷോപ്പുകളിൽ 60 % ൽ കൂടുതൽ രേഖ പ്രകാരം സീസ് ചെയ്ത ഉത്പന്നത്തിൻറെ അളവും പരിശോധനയ്ക്ക് വിധേയമാക്കണം)
- ക്യാമറ സ്ഥാപിച്ചത്/ജനകീയ പരിശോധന സംവിധാനം/കുട്ടികളുടെ പരിശോധന etc.

**ശരാശരി**

- പൊതു നിരത്തിൽ മാലിന്യ നിക്ഷേപം (പ്രത്യേക സ്ക്വാഡുകൾ പരിശോധന മാസത്തിൽ ഒരു ദിവസമെങ്കിലും)
- നിരോധിത പ്ലാസ്റ്റിക് ഉല്പന്നങ്ങൾ വിൽക്കുന്നത് തടയാനും ഉപയോഗിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കാനും നടത്തിയ പരിശോധനകളുടെ എണ്ണം (മാസത്തിൽ കുറഞ്ഞത് നാല്, പിടിച്ച കേസുകളുടെ എണ്ണം, സ്വീകരിച്ച തുടർ നടപടികളുടെ വിശദാംശങ്ങൾ. രേഖകൾ നോക്കി).
- തെറ്റായ രീതിയിൽ മാലിന്യം കൈകാര്യം ചെയ്തവർക്ക് നൽകിയ നോട്ടീസുകളുടെ എണ്ണം (മാസത്തിൽ കുറഞ്ഞത് 10 എണ്ണം)
(നിയമനടപടികൾ സംബന്ധിച്ച് ഗ്രാമസഭ/വാർഡ് സഭയും നടത്തിയ അവതരണങ്ങൾ – മിനിട്സ് പ്രകാരവും, തദ്ദേശ സ്ഥാപനങ്ങൾക്ക് സമീപത്തെ 5-6 സ്ഥാപന അധികൃതരോട് നിയമ നടപടികൾ സംബന്ധിച്ച നിർദ്ദേശം ചോദിച്ച് മനസ്സിലാക്കിയും ഈ പ്രവർത്തനം വിലയിരുത്താം. ഒപ്പം ഗ്രാമസഭാ നോട്ടീസ്/പൊതു പ്രചരണ ബോർഡുകൾ മറ്റ് ഐ.ഇ.സി മെറ്റീരിയലുകൾ ഇതിനായി ഉപയോഗിച്ചതും അടിസ്ഥാനമാക്കി വിലയിരുത്തുക).

**ശരാശരിക്ക് താഴെ**

- ശരാശരിയിലെ മാനദണ്ഡങ്ങളിൽ ഒരു പ്രവർത്തനവും പ്രസ്തുത അളവിൽ ചെയ്യാത്തവയെ ഇതിൽ ഉൾപ്പെടുത്തണം.
- കേവലം നോട്ടീസുകളും ബോധവത്ക്കരണവും നടത്തിയെന്ന റിപ്പോർട്ടുകൾ പരിഗണിക്കേണ്ടതില്ല.

## അനുബന്ധം : 7 : ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെ കാര്യക്ഷമതയും സേവനഗുണപരതയും ഉറപ്പാക്കാൻ നടത്തുന്ന അവലോകന, വിലയിരുത്തൽ, മോണിറ്റർ പ്രവർത്തനങ്ങൾ സംബന്ധിച്ച്

**സൂചകങ്ങൾ**

- ശരാശരിക്കും താഴെ മാർക്ക് നേടുന്ന തദ്ദേശസ്ഥാപനത്തിന് ആകെ ലഭിച്ച മാർക്കിൽ നിന്നും 5 മാർക്ക് (-5) കുറവ് ചെയ്യാവുന്നതാണ്

**ഏറ്റവും മികച്ചത്**

- മാസത്തലൊരിക്കൽ ഭരണ സമിതിയിൽ പ്രത്യേക അജണ്ട വച്ച് റിവ്യു
- രണ്ടാഴ്ച്ചയിലൊരിക്കൽ സ്റ്റാന്റിംഗ് കമ്മിറ്റി റിവ്യൂ.
- ആഴ്ച്ചതോറും സ്റ്റിയറിംഗ് കമ്മിറ്റി റിവ്യൂ.
- എല്ലാ ദിവസവും നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) ഹരിത കർമ്മ സേന/ ഏജൻസിയുമായി/ഭാരവാഹിയുമായി നടത്തുന്ന അവലോകനം.
- നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) ഹരിതകർമ്മ സേന/ഏജൻസി പ്രവർത്തനം പ്രതിദിനം നേരിട്ട് ഫീൽഡ് വിലയിരുത്തൽ സംബന്ധിച്ച് (രേഖകൾ അടിസ്ഥാനമാക്കി)

- 3-4 മാസത്തിലൊരിക്കൽ വ്യാപാരികൾ/സ്ഥാപന ചുമതലകാർ/റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ തുടങ്ങിയവർക്കായി ഭരണസമിതി നടത്തുന്ന അവലോകനം.
- ചുമതലയുള്ള ഉദ്യോഗസ്ഥരുടെ പ്രവർത്തനം സെക്രട്ടറിയുടെ നേതൃത്വത്തിൽ ആഴ്ചയിലൊരിക്കൽ വിലയിരുത്തൽ
- ഓൺലൈൻ/വാട്സ്ആപ്പ്/ഫേസ്ബുക്ക് വഴി പരാതി അഭിപ്രായങ്ങൾ ശേഖരിക്കുകയും അതിൻ മേൽ നടപടിയും
- ഗ്രാമ സഭ/വാർഡ് സഭയിൽ അജണ്ടാ വച്ച് വിലയിരുത്തൽ.
- മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് പരാതി അഭിപ്രായ/നിർദ്ദേശപ്പെട്ടി പൊതു സ്ഥലത്ത് വച്ച് അഭിപ്രായ /വിലയിരുത്തലുകൾ സ്വീകരിച്ച് തുടർ നടപടി സ്വീകരിക്കൽ
- അയൽക്കൂട്ടങ്ങളിൽ നിന്നും വിലയിരുത്തൽ/നിരീക്ഷണങ്ങൾ ശേഖരിച്ച് മെച്ചപ്പെടുത്താനുള്ള പ്രവർത്തനം നടത്തുന്നത്.
- കുടുംബശ്രീ അയൽക്കൂട്ടം വഴി നിരന്തര അവലോകനം
- 40-50 വീടുകളുടെ ക്ലസ്റ്റർ കമ്മിറ്റികൾ, വാർഡു കമ്മിറ്റികൾ രൂപീകരിച്ച് പ്രവർത്തനാവലോകനവും മോണിട്ടറിംഗ് നടത്തൽ
- ഹരിത സഹായ സ്ഥാപന റിവ്യൂ ആഴ്ച തോറും
- ഹരിത കർമ്മ സേന/സർവ്വീസ് ഏജൻസികളുടെ പ്രവർത്തനം ആഴ്ച്ചതോറും സെക്രട്ടറി/ഹെൽത്ത് ഓഫീസർ വിലയിരുത്തൽ.
- 2020-2021 ലും 2021-22 ലും വാർഷിക വിലയിരുത്തൽ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടെങ്കിൽ
- ഓരോ തവണ റിവ്യൂ ചെയ്യുമ്പോഴും മുൻ റിവ്യൂവിൽ കണ്ടെത്തിയ പ്രശ്നങ്ങൾക്ക് പരിഹാരം/പരിഹാരത്തിലേയ്ക്കുള്ള വ്യക്തമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

**മികച്ചത്**

- മാസത്തിലൊരിക്കൽ സ്റ്റിയറിംഗ് കമ്മിറ്റി വിലയിരുത്തൽ
- മാസത്തിലൊരിക്കൽ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തൽ
- രണ്ടു മാസത്തിലൊരിക്കലെങ്കിലും ഭരണ സമിതിയിൽ പ്രത്യേക അജണ്ട വച്ച് വിലയിരുത്തൽ
- ആഴ്ച്ചതോറും കൺസോർഷ്യം ഭാരവാഹികളുടെ റിവ്യൂ.
- മാസത്തിലൊരിക്കൽ ഹരിത കർമ്മ സേനയെ വിലയിരുത്തൽ
- സെക്രട്ടറിതലത്തിൽ 2 ആഴ്ചയിലൊരിക്കൽ ഹരിത കർമ്മ സേന കൺസോർഷ്യം, നിർവ്വഹണ ഉദ്യോഗസ്ഥൻ എന്നിവരുടെ വിലയിരുത്തൽ. ആർ.ആർ.എഫ് ഏജൻസിയുമായി 3-5 ആഴ്ചയിലൊരിക്കൽ വിലയിരുത്തൽ.
- പൊതുജനങ്ങൾക്ക് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട പരാതികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കുന്നതിനുള്ള ക്രമീകരണവും അതിന്മേൽ സ്വീകരിച്ച നടപടികളും രേഖ പ്രകാരം

- വാർഡ് സഭ/ഗ്രാമസഭയിൽ പ്രവർത്തനാവലോകനം

**ശരാശരി**

- 3 മാസത്തിലൊരിക്കൽ ഭരണ സമിതി യോഗത്തിൽ വിലയിരുത്തൽ
- മാസത്തിലൊരിക്കൽ സ്റ്റിയറിംഗ് കമ്മിറ്റി വിലയിരുത്തൽ
- മൂന്നാഴ്ച്ചയിലൊരിക്കൽ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തൽ
- മാസം തോറും ഹരിത കർമ്മ സേന അവലോകന യോഗം
- 2 ആഴ്ച്ചയിലൊരിക്കൽ സെക്രട്ടറി, നിർവ്വഹണ ഉദ്യോഗസ്ഥർ, ഹരിത കർമ്മ സേന വിലയിരുത്തൽ
- സഹായക ഏജൻസി (ഹരിത സഹായ സ്ഥാപനം/സ്വകാര്യ ഏജൻസി/ക്ലീൻ കേരള കമ്പനി) യുമായി 1-2 മാസത്തിലൊരിക്കൽ യോഗം.
- പൊതുജനങ്ങളുടെ പരാതികൾ പരിശോധന വിലയിരുത്തൽ

**ശരാശരിയിൽ താഴെ**

- ശരാശരിയിൽ സൂചിപ്പിക്കുന്ന പ്രവർത്തനങ്ങളിൽ ഏതെങ്കിലും 5 എണ്ണം പോലും നടക്കാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ശരാശരിക്ക് താഴെ ഉൾപ്പെടുത്താം. ആകെ ലഭിച്ച മാർക്കിൽ നിന്നും 5 മാർക്ക് (-5) കുറവു ചെയ്യാവുന്നതാണ്.

## അനുബന്ധം – 8 : മാലിന്യത്തിന്റെ അളവ് കുറയ്ക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ

**സൂചകങ്ങൾ**

**ഏറ്റവും മികച്ചത്**

(ചുവടെ കൊടുക്കുന്നവയിൽ 4 ഇനങ്ങൾ നടക്കുന്നുണ്ടെങ്കിൽ)

- മുഴുവൻ സ്ഥാപനങ്ങളിലും (തദ്ദേശ സ്വയംഭരണ ഘടക സ്ഥാപനങ്ങൾ, മറ്റ് സർക്കാർ ഓഫീസുകൾ) ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നു. (നേരിട്ട് പരിശോധിച്ച് ഉറപ്പാക്കുക.)
- സ്വകാര്യ സ്ഥാപനങ്ങളിലും ഗ്രീൻ പ്രോട്ടോക്കോൾ കൊണ്ടു വരാനുള്ള ശ്രമം. (കൂടിയാലോചനായോഗങ്ങൾ, കത്ത് നൽകൽ, മാതൃകയായി ആരംഭിച്ചത്, മറ്റ് പ്രചാരണങ്ങൾ)
- പൊതു പരിപാടികളിൽ (ഉത്സവങ്ങൾ, പള്ളി- പെരുന്നാളുകൾ, റംസാൻ വ്രതകാലഘട്ടം, വിശേഷ പരിപാടികൾ, കല്ല്യാണങ്ങൾ, മറ്റ് ആഘോഷ പരിപാടികൾ, പൊതു സമ്മേളനങ്ങൾ, etc). ഗ്രീൻ പ്രോട്ടോക്കോൾ ഉറപ്പാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ-2021-2022 വർഷത്തിൽ ചെയ്തവ (പൊതു പരിപാടികളിൽ 80% ഗ്രീൻ പ്രോട്ടോക്കോൾ ആയാൽ)
- ബദൽ ഉത്പന്ന പ്രചരണം, മേളകൾ, സഞ്ചി വിതരണം (സി.എസ്.ആർ/ സ്പോൺസർഷിപ്പ് etc.) (2021-22 ൽ കുറഞ്ഞത് 1 ഏങ്കിലും)

- കുട്ടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ ബോധം ഉറപ്പാക്കാൻ നടത്തുന്ന ശ്രമങ്ങൾ (കുടിവെള്ള കുപ്പി, ഭക്ഷണപാത്രം, പേന, നിത്യോപയോഗ സാധനങ്ങൾ കൂടുതൽ കാലം ഉപയോഗിക്കാൻ പ്രേരിപ്പിക്കൽ etc. നടത്തിയ പ്രവർത്തനങ്ങളിൽ കുറഞ്ഞത് 3 എണ്ണം എങ്കിലും
- പാഴ് വസ്തുക്കളിൽ നിന്ന് നിത്യോപയോഗ വസ്തുക്കൾ, ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന സംരംഭങ്ങൾ, റിപ്പയർ എന്നിവ പ്രോത്സാഹന പ്രവർത്തനം.
- സ്വാപ്പ് ഷോപ്പ് നടത്തൽ.

**മികച്ചത്**

**(ചുവടെ ചേർക്കുന്നവയിൽ ഏതെങ്കിലും 3 എണ്ണം)**

- തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും ഘടക സ്ഥാപനങ്ങളിലും ഇതര സർക്കാർ ഓഫീസിലും ഗ്രീൻ പ്രോട്ടോക്കോൾ കർശനമായി പാലിക്കുന്നു.
- പൊതു പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കാൻ ശ്രമം. ഇതിന്റെ ഭാഗമായി വലിയ ആഘോഷ പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കുന്നു. (ഉദാ-എല്ലാ വിഭാഗം ഉത്സവങ്ങൾ, മേളകൾ)
- ബദൽ ഉത്പന്ന പ്രചാരണം - മേളകൾ സംഘടിപ്പിക്കൽ ( 2021-22 ൽ ഒരു മേളയെങ്കിലും)
- കുട്ടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ ശീലം കൊണ്ടു വരാൻ നടത്തുന്ന ശ്രമങ്ങൾ. സ്വാപ്പ് ഷോപ്പ് പ്രോത്സാഹനം, നിത്യോപയോഗ സാധനങ്ങൾ, വസ്ത്രങ്ങൾ, പേന, ബാഗ്, ചെരുപ്പ് etc. കൂടുതൽ കാലം ഉപയോഗിക്കാൻ പ്രേരിപ്പിക്കുന്ന പ്രവർത്തനങ്ങൾ.

**ശരാശരി**

**(ഏതെങ്കിലും 3 എണ്ണം)**

- തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലും ഘടക സ്ഥാപനങ്ങളിലും 50% ത്തിൽ കൂടുതൽ കർശനമായി ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കുന്നു.
- പൊതു പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ കൊണ്ടു വരാൻ പ്രചരണം സംഘടിപ്പിക്കുന്നു. (2021-22 കളിൽ കുറഞ്ഞത് 5 പരിപാടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ച് നടപ്പിലാക്കിയതിന്റെ തെളിവുകൾ)
- ബദൽ ഉത്പാദന പ്രചാരണ പ്രവർത്തനങ്ങൾ – പ്ലാസ്റ്റിക് ക്യാരി ബാഗ് ഒഴികെ ഒഴിവാക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ (തുണി ബാഗ് വിതരണം, പാഴ് തുണികളിൽ നിന്നും ബാഗ് നിർമ്മാണ പ്രചരണം.
- കുട്ടികളിൽ ഗ്രീൻ പ്രോട്ടോക്കോൾ ശീലം കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾ (വ്യക്തത തരുന്ന 2 പ്രവർത്തനങ്ങളെങ്കിലും നടന്നാൽ).

**ശരാശരിക്ക് താഴെ**

- മുകളിൽ സൂചിപ്പിച്ച പ്രവർത്തനങ്ങളിൽ 2 എണ്ണം പോലും നടത്താത്ത തദ്ദേശ സ്ഥാപനങ്ങൾ ഇതിൽ വരും
- ശരാശരിക്കും താഴെ മാർക്ക് നേടുന്ന തദ്ദേശസ്ഥാപനത്തിന് ആകെ ലഭിച്ച മാർക്കിൽ നിന്നും 5 മാർക്ക് (–5) കുറവ് ചെയ്യാവുന്നതാണ്

## അനുബന്ധം – 9 : പൊതുശൗചാലയങ്ങളുടെ ശുചിത്വ അവസ്ഥ

**സൂചകങ്ങൾ**

**എറ്റവും മികച്ചത്**

- വെള്ളം, ബക്കറ്റ്, മഗ്ഗ്, സോപ്പ്, എക്സ്ഹോസ്റ്റ് ഫാൻ (വെള്ളം എപ്പോഴും ഉള്ളത്)
- ദിവസവും കുറഞ്ഞത് 2 പ്രാവശ്യം വൃത്തിയാക്കുന്നത്
- ദുർഗന്ധം ഇല്ലാത്തത്
- വെളിച്ചം ഉള്ളത്
- സ്ത്രീകൾ, ട്രാൻസ് ജെൻഡർ, ഭിന്നശേഷിക്കാർക്ക് പ്രത്യേകം ടോയിലറ്റ് സൗകര്യം കൂടി ഉള്ളത്
- വൃത്തിയാക്കുന്നതിനും സേവനം ഉറപ്പാക്കുന്നതിനും നടത്തിപ്പിനായി പ്രത്യേക ചുമതലക്കാർ/ഏജൻസി സംവിധാനം ഉള്ളത്.
- പൊതു ടോയിലറ്റ് കോംപ്ലക്സ് ഒരു ആകർഷകമായ പൊതുയിടമായി പരിപാലിക്കുന്നത്
- ബയോഗ്യാസ് കൂടി ഉൾപ്പെട്ട ടോയിലറ്റ് (ബയോഗ്യാസ് നിർബന്ധമില്ല)

**മികച്ചത്**

- വെള്ളം, ബക്കറ്റ്, മഗ്ഗ്, സോപ്പ്, എക്സ്ഹോസ്റ്റിംഗ് ഫാൻ (വെള്ളം എപ്പോഴും ലഭ്യമായത്).
- വെളിച്ചം ഉള്ളത്
- ദിവസവും വൃത്തിയാക്കുന്നത്
- ദുർഗന്ധം ഇല്ലാത്തത്
- സ്ത്രീകൾ, ഭിന്നശേഷിക്കാർക്ക് പ്രത്യേക സൗകര്യമുള്ളത്
- നടത്തിപ്പ് ചുമതല കൃത്യമായി ഉള്ളത്

**ശരാശരി**

- വെള്ളം, ബക്കറ്റ്, മഗ്ഗ്, സോപ്പ്, ഉള്ളത്.
- ദിവസവും വൃത്തിയ്ക്കുന്നത്
- ദുർഗന്ധം ഇല്ലാത്തത്

**ശരാശരിയിൽ താഴെ**

- ശരാശരി സൗകര്യം ഇല്ലാത്ത
- ശരാശരിക്കും താഴെ മാർക്ക് നേടുന്ന തദ്ദേശസ്ഥാപനത്തിന് ആകെ ലഭിച്ച മാർക്കിൽ നിന്നും 5 മാർക്ക് (–5) കുറവ് ചെയ്യാവുന്നതാണ്

## മറ്റുള്ളവ

## അനുബന്ധം – 10 : കുടിക്കലർന്ന മാലിന്യം നീക്കുന്നതിന് കഴിഞ്ഞ മൂന്ന് വർഷം (2019–20, 2020–21, 2021–22) വിനിയോഗിച്ച തുക സംബന്ധിച്ച്

### സൂചകങ്ങൾ

**എറ്റവും മികച്ചത്**

- ഓരോ വർഷവും നീക്കം ചെയ്ത കൂടിക്കലർന്ന മാലിന്യത്തിന്റെ അളവ് എം.സി.എഫിൽ കുറഞ്ഞത് (30–40% വച്ച് കുറഞ്ഞ് വരുന്നത്)
- ഓരോ വർഷവും കൂടിക്കിടന്ന മാലിന്യം എം.സി.എഫിൽ നിന്നും നീക്കം ചെയ്യുന്നതിന് വിനിയോഗിച്ച തുക 25–40% വച്ച് കുറഞ്ഞു വരുന്നത് or
  ഇപ്പോൾ എം.സി.എഫിൽ കൂടികലർന്ന മാലിന്യം നീക്കാൻ പണം വിനിയോഗിക്കുന്നില്ല
- പ്രത്യേക ശുചീകരണത്തിന്റെ ഭാഗമായി ഉണ്ടായ ലെഗസ്സി മാലിന്യം നീക്കാൻ മാത്രം പണം ചെലവിടുന്നു.

**മികച്ചത്**

- ഓരോ വർഷവും എം.സി.എഫിൽ നിന്നും നീക്കം ചെയ്ത മാലിന്യത്തിന്റെ അളവ് 20–25% വച്ച് കുറഞ്ഞത്.
- ഓരോ വർഷവും എം.സി.എഫിൽ നിന്ന് നീക്കം ചെയ്യുന്നതിന് വിനിയോഗിച്ച തുക 20–25% വച്ച് കുറഞ്ഞത്
- ശേഖരണ ഡ്രൈവിൽ ഉണ്ടാകുന്ന കൂടികലർന്ന മാലിന്യത്തിന്റെ കൈയ്യൊഴിയലിനാണ് 50% തുകയും ചെലവഴിക്കുന്നത് (വിനിയോഗിക്കുന്ന തുകയുടെ)

**ശരാശരി**

- ഓരോ വർഷവും എം.സി.എഫിൽ നിന്നും നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ അളവ് 15–20% കുറഞ്ഞ്
- ഓരോ വർഷവും എം.സി.എഫിൽ നിന്നും നീക്കം ചെയ്യുന്നതിന് വിനിയോഗിച്ച തുക 10–20% വച്ച് കുറഞ്ഞത്
- പ്രത്യേക ഡ്രൈവിന്റെ ഭാഗമായി പണം വിനിയോഗിക്കേണ്ടി വരുന്നു

**ശരാശരിയിൽ താഴെ**

- ഓരോ വർഷവും ലെഗസ്സി മാലിന്യം നീക്കം ചെയ്യാൻ കൂടുതൽ പണം ചെലവിടുന്നു
- ഓരോ വർഷവും കൂടുതൽ ലെഗസി മാലിന്യം മിനി എം.സി.എഫ്/എം.സി.എഫിൽ നിന്നും നീക്കേണ്ടി വന്നു.
- ഡ്രൈവിൽ കൂടിയും ഓരോ വർഷവും കൂടുതൽ മാലിന്യം നീക്കുന്നു.
- ഡ്രൈവിൽ കൂടിയും ഓരോ വർഷവും നീക്കം ചെയ്യുന്ന മാലിന്യത്തിന്റെ അളവ് കൂടുന്നു.

- ശരാശരിക്കും താഴെ മാർക്ക് നേടുന്ന തദ്ദേശസ്ഥാപനത്തിന് ആകെ ലഭിച്ച മാർക്കിൽ നിന്നും 5 മാർക്ക് (–5) കുറവ് ചെയ്യാവുന്നതാണ്

## അനുബന്ധം –11 : മാലിന്യ കൂനകൾ സംബന്ധിച്ച്

### സൂചകങ്ങൾ

- ശരാശരിക്കും താഴെ മാർക്ക് നേടുന്ന തദ്ദേശസ്ഥാപനത്തിന് ആകെ ലഭിച്ച മാർക്കിൽ നിന്നും 5 മാർക്ക് (–5) കുറവ് ചെയ്യാവുന്നതാണ്

### ഏറ്റവും മികച്ചത്

- 2020–21 ന് ശേഷം പുതിയ മാലിന്യ കൂനകൾ തദ്ദേശ സ്വയംഭരണ പ്രദേശത്ത് ഉണ്ടായിട്ടില്ല.
- ഉണ്ടായിരുന്ന പഴയ കൂനകൾ ബയോമൈനിംഗ്/ബയോറെമഡിയേഷൻ നടത്തി/ നടത്തുന്നു.
- മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിച്ചിട്ടില്ല.
- തദ്ദേശ സ്വയംഭരണ പ്രദേശത്ത് ചെറിയ കൂനകളോ താൽക്കാലിക ഡമ്പിംഗ് ഇടങ്ങളോ നിലവിലിലില്ല.

### മികച്ചത്

- 2021–22 (മാർച്ച്) ന ശേഷം പുതിയ കൂനകൾ ഉണ്ടായിട്ടില്ല.
- ഉണ്ടായ താൽക്കാലിക മാലിന്യ കൂനകൾ മുഴുവൻ നീക്കം ചെയ്തു.
- മാലിന്യ കൂനകൾ കത്തിക്കുന്നില്ല.
- കൂട്ടിയിട്ട് കത്തിക്കുന്നില്ല.
- പൊതു ഇടങ്ങളിലേക്ക് വലിച്ചെറിയുന്ന സ്ഥലം ഒന്നുമില്ല.
- പഴയ ഡമ്പിംഗ് കേന്ദ്രം ബയോമൈനിംഗ്/ ബയോറെമഡിയേഷൻ ചെയ്യാൻ പ്രോജക്ട് അംഗീകരിച്ച് ടെൻഡറിംഗ് നടപടികൾ പൂർത്തീകരിച്ചു.

### ശരാശരി

- നിലവിലുള്ള താൽക്കാലിക മാലിന്യ കൂനകൾ നീക്കം ചെയ്യുന്ന പ്രവർത്തനം നടക്കുന്നു.
- പഴയ ഡമ്പിംഗ് യാഡിന്റെ ബയോമൈനിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു (പ്രോജക്റ്റ് തയ്യാറാക്കി)
- മാലിന്യ കൂനകൾ മുഴുവൻ നീക്കം ചെയ്തു/ ചെയ്തുകൊണ്ടിരിക്കുന്നു.
- മാലിന്യം പൊതുനിരത്തിൽ കൂട്ടിയിട്ട് കത്തിക്കുന്നില്ല.

### ശരാശരിക്ക് താഴെ

- പഴയ മാലിന്യ കൂനകൾ നീക്കം ചെയ്യുന്നതിന് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല.
- പൊതുനിരത്തിൽ മാലിന്യക്കൂനകളുണ്ട്.
- പുതിയ ചെറിയ മാലിന്യക്കൂനകൾ/ വലിച്ചെറിയുന്ന സ്ഥലങ്ങൾ ഇപ്പോഴും ഉണ്ട്.
- മാലിന്യങ്ങൾ കൂട്ടിയിട്ട് കത്തിക്കുന്ന സ്ഥലങ്ങളുണ്ട്.

## അനുബന്ധം – 12 : പൊതു ജലാശയങ്ങളുടേയും പൊതുനിരത്തുകളുടേയും ശുചിത്വ സ്ഥിതി

### സൂചകങ്ങൾ

- ശരാശരിക്കും താഴെ മാർക്ക് നേടുന്ന തദ്ദേശസ്ഥാപനത്തിന് ആകെ ലഭിച്ച മാർക്കിൽ നിന്നും 5 മാർക്ക് (–5) കുറവ് ചെയ്യാവുന്നതാണ്
- തദ്ദേശ സ്വയംഭരണ സ്ഥാപന പ്രദേശത്തെ ആകെ ജലാശയങ്ങളുടെ പട്ടിക പരിശോധിക്കുക. കുളങ്ങൾ, തോടുകൾ, പുഴകൾ, കായലുകൾ ഇവയിൽ കുളങ്ങളിൽ 25 ശതമാനവും തോടുകളിൽ 25–30% ശതമാനവും പുഴയും കായലും ഒരു പ്രധാന ഭാഗവും നേരിട്ട് സന്ദർശിച്ചുവേണം വിലയിരുത്തേണ്ടത്). പൊതുനിരത്തുകളിൽ ദേശീയ പാതയോരം, സംസ്ഥാന പാതയോരം, തദ്ദേശ റോഡുകൾ, പൊതുമരാമത്ത് റോഡുകൾ എന്നവയിൽ കുറഞ്ഞത് നാല് തരം റോഡുകൾ സന്ദർശിച്ചുവേണം വിലയിരുത്തേണ്ടത്.

### എറ്റവും മികച്ചത്

- തദ്ദേശ സ്വയംഭരണ പ്രദേശത്ത് പരിശോധിച്ച കുളങ്ങൾ/ തോടുകൾ/ പുഴകൾ/ കായൽ/ഇവയിൽ (ബാധകമായവയിൽ) മാലിന്യം കൂടി കിടക്കുന്നില്ല (90% മുകളിൽ)
- മഴവെള്ള ചാലുകൾ വന്നുചേരുന്ന സ്ഥലങ്ങളിൽ പാഴ്വസ്തുക്കൾ / മാലിന്യം ശേഖരിക്കു ന്നതിനുള്ള ട്രാപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്.
- മുഴുവൻ ജലാശയങ്ങളെയും മാലിന്യ വിമുക്തമായി സംരക്ഷിക്കുന്നതിനുള്ള വിജിലൻസ് കമ്മിറ്റികൾ പ്രവർത്തിക്കുന്നു.
- ഇവയുടെ വശങ്ങൾ മാലിന്യം വന്നു ചേരാതെയും പാർശ്വങ്ങൾ ബലപ്പെടുത്തിയും സംരക്ഷിക്കുന്നു.
- ക്യാമറകൾ/സംരക്ഷണ വലകൾ സ്ഥാപിച്ചിട്ടുണ്ട്
- മലിനജല കുഴലുകൾ (സ്ഥാപനങ്ങൾ/വീടുകൾ) നീക്കം ചെയ്തു.
- നിയമ നടപടികൾ കർശനമാണ്.

### മികച്ചത്

- തദ്ദേശ സ്വയംഭരണ പ്രദേശത്ത് പരിശോധിച്ച് ജലാശയങ്ങളിൽ (നിർദ്ദിഷ്ട അനുപാതപ്രകാരം). 75%–90% മാലിന്യ നിക്ഷേപങ്ങൾ ഇല്ല
- മലിനമാകാതെ ശ്രദ്ധിക്കാൻ വിജിലൻസ് കമ്മിറ്റികൾ പ്രവർത്തിക്കുന്നു. (കമ്മിറ്റി പ്രവർത്തനത്തിന്റെ രേഖകൾ, നടപടികൾ ഫലങ്ങൾ വച്ച് നോക്കണം)
- മലിനജല കുഴലുകൾ നീക്കം ചെയ്യുന്ന നടപടികൾ ആരംഭിച്ചു

### ശരാശരി

- പരിശോധിച്ച നിശ്ചിത എണ്ണം ജലാശയങ്ങളിൽ 75% വും മാലിന്യങ്ങളില്ലാത്തവയാണ്.
- ജലാശയങ്ങൾ മാലിന്യമുക്തമാക്കാനുള്ള വിവിധ പ്രവർത്തനങ്ങൾ നടക്കുന്നു – പരിശോധനകൾ, നിയമ നടപടികൾ, മാലിന്യം നീക്കം ചെയ്യൽ, ജനകീയ

വിജിലൻസ് കമ്മിറ്റി പ്രവർത്തനം തുടങ്ങിയവ (നടക്കുന്ന പ്രവർത്തനങ്ങളുടെ എണ്ണം, നടക്കുന്ന പ്രവർത്തങ്ങൾ നേരിട്ട് നിരീക്ഷിച്ചും ഇത് നോക്കാവുന്നതാണ്). ഇതിൽ 3 പ്രവർത്തനമെങ്കിലും നടക്കുന്നുണ്ടെങ്കിൽ പരിഗണിക്കാം

**ശരാശരി താഴെ**

- പരിശോധിച്ച നിർദ്ദിഷ്ട എണ്ണം ജലാശയങ്ങളിൽ 75% താഴെ മാലിന്യങ്ങൾ കണ്ടെത്തിയവ.
- ജലാശയങ്ങൾ മാലിന്യ മുക്തമാക്കാനുള്ള നടപടികൾ ഒന്നും ആസൂത്രണം ചെയ്യാത്തവ.

## അനുബന്ധം -13 : പൊതു അവബോധം വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സൂചകങ്ങൾ

**എറ്റവും മികച്ചത്**

- നിശ്ചിത എണ്ണം സ്കൂളുകളിൽ (ഗ്രാമ പഞ്ചായത്ത്-2, മുനിസിപ്പാലിറ്റി 4-5, കോർപ്പറേഷൻ 10-5) 6-9 ക്ലാസ്സുകളിലെ, 2-3 ഡിവിഷനിലെ കുട്ടികളോട് മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവത്തനങ്ങൾ ചോദിച്ച് (ക്വിസ് രീതിയിലോ/പേപ്പർ നൽകി എഴുതിച്ചോ) മനസ്സിലാക്കുക. ഇതിൽ 80% ത്തിന് മുകളിൽ കുട്ടികൾ 3 കാര്യങ്ങൾക്കെങ്കിലും ശരിയായ വിവരം പറഞ്ഞാൽ
- കുടുംബശ്രീയുടെ 2-3 അയൽക്കൂട്ടങ്ങൾ (തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാലിന്യ സംസ്കരണ നിബന്ധനകൾ ചോദിക്കൽ - ഇതിൽ മുഴുവൻ പേരും ഉത്തരം പറഞ്ഞാൽ)
- വ്യാപാരി/സ്ഥാപന നടത്തിപ്പുകാരിൽ മൊത്തം സ്ഥാപനങ്ങളിൽ 5-10 എണ്ണം (വ്യത്യസ്ഥ വിഭാഗങ്ങളിലെ വ്യത്യസ്ഥ പ്രദേശത്തെ) നടത്തിപ്പുകൾക്ക് തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുടെ മാലിന്യ സംസ്കരണ രീതി സംബന്ധിച്ച അറിവ് - എല്ലാവരും ശരിയായി പറഞ്ഞാൽ
- റെസിഡൻസ് അസോസിയേഷന്റെ ഭാരവാഹികളോട് - തദ്ദേശ സ്വയംഭരണ സ്ഥാപങ്ങളുടെ മാലിന്യ സംസ്കരണത്തിന്റെ രീതി (ഗ്രാമം-1-2, മുനിസിപ്പാലിറ്റി -3-5, കോർപ്പറേഷൻ - 10-15, റെസിഡന്റ്സ് അസോസിയേഷനുകളോട് ചോദിക്കാം) സംബന്ധിച്ച് 90% മുകളിൽ പേർ ശരിയായ ഉത്തരം പറഞ്ഞാൽ

**മികച്ചത്**

- ഏറ്റവും മികച്ചതിലെ ആദ്യത്തെ നിബന്ധനയിൽ 60% - 80% കുട്ടികൾ
- കുടുംബശ്രീ - 80% അംഗങ്ങൾ
- വ്യാപാരം/സ്ഥാപനം - 80% പേർ
- റെസിഡന്റ്സ് അസോസിയേഷൻ - 75- 90%

**ശരാശരി**

- കുട്ടികൾ - 50%
- കുടുംബശ്രീ - 50%
- വ്യാപാരം/സ്ഥാപനം - 75%
- റെസിഡന്റ്സ് അസോസിയേഷൻ - 75%

**ശരാശരിക്ക് താഴെ**

ശരാശരി പറഞ്ഞിരിക്കുന്നതിന്റെ താഴെ വരുന്നവ

## അനുബന്ധം -14 : യൂസർഫീ ശേഖരണം

**സൂചകങ്ങൾ**

- ശരാശരിക്കും താഴെ മാർക്ക് നേടുന്ന തദ്ദേശസ്ഥാപനത്തിന് ആകെ ലഭിച്ച മാർക്കിൽ നിന്നും 5 മാർക്ക് (-5) കുറവ് ചെയ്യാവുന്നതാണ്
- ആകെ വീടുകളുടെയും, സ്ഥാപനങ്ങളുടെയും എണ്ണം, അതിൽ വാതിൽപ്പടി ശേഖരണ സേവനം നൽകുന്ന വീടുകൾ/സ്ഥാപനങ്ങളുടെ എണ്ണം കണ്ടെത്തുക. അതിൽ നിന്നും യൂസർഫീ നൽകുന്ന വീടുകളുടെയും, സ്ഥാപനങ്ങളുടെയും എണ്ണം കണ്ടെത്തി ശതമാനം നിശ്ചയിക്കുക.

## അനുബന്ധം -15 : ഹരിത കർമ്മസേനയുടെ വരുമാനം

**സൂചകങ്ങൾ**

- ശരാശരിക്കും താഴെ മാർക്ക് നേടുന്ന തദ്ദേശസ്ഥാപനത്തിന് ആകെ ലഭിച്ച മാർക്കിൽ നിന്നും 5 മാർക്ക് (-5) കുറവ് ചെയ്യാവുന്നതാണ്
- ഹരിതകർമ്മസേനയ്ക്ക് സ്വന്തമായി വാഹനമുള്ളതും, ഹരിതകർമ്മസേന വരുമാനത്തിൽ നിന്നും വാഹന വാടക ഈടാക്കുന്നതും പ്രത്യേകമായി പരിഗണിച്ച് മാർക്ക് നൽകാം.

**എറ്റവും മികച്ചത്**

പ്രതിമാസം ഒരംഗത്തിന് – 20000 ന് കൂടുതൽ

**മികച്ചത്**

10000-20000

**ശരാശരി**

5000-10000

**ശരാശരിക്ക്**

താഴെ 5000 ന്ന താഴെ

## അനുബന്ധം -16 : പൗൾട്രി വേസ്റ്റ് സംസ്കരണം

**സൂചകങ്ങൾ**

**എറ്റവും മികച്ചത്**

മുഴുവൻ പൗൾട്രി കട്ടിംഗ് സെന്ററുകളും മാലിന്യങ്ങൾ റെന്ററിംഗ്/ശാസ്ത്രീയ കമ്പോസ്റ്റിംഗ് സംവിധാനങ്ങളുമായി കരാർ വച്ച് കൃത്യമായി കൈമാറുന്നവ.

**മികച്ചത്**

75 % പൗൾട്ടി കട്ടിംഗ് സെന്ററുകളും മാലിന്യങ്ങൾ റെന്ററിംഗ്/ശാസ്ത്രീയ കമ്പോസ്റ്റിംഗ് സംവിധാനങ്ങളുമായി കരാർ വച്ച് കൃത്യമായി കൈമാറുന്നവ.

**ശരാശരി**

കുറഞ്ഞത് 50% പൗൾട്ടി കട്ടിംഗ് സെന്ററുകളും മാലിന്യങ്ങൾ റെന്ററിംഗ്/ശാസ്ത്രീയ കമ്പോസ്റ്റിംഗ് സംവിധാനങ്ങളുമായി കരാർ വച്ച് കൃത്യമായി കൈമാറുന്നവ.

**ശരാശരിക്ക് താഴെ**

50% ന് താഴെ പൗൾട്ടി കട്ടിംഗ് സെന്ററുകൾ മാലിന്യങ്ങൾ റെന്ററിംഗ്/ശാസ്ത്രീയ കമ്പോസ്റ്റിംഗ് സംവിധാനങ്ങളുമായി കരാർ വച്ച് കൃത്യമായി കൈമാറുന്നവ/ മറ്റു സംവിധാനങ്ങളെ ഉപയോഗപ്പെടുത്തുന്നവ.